# റിപ്പോർട്ട്

## ആലപ്പുഴ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച്

## **പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

(എ) വഴികളുടെ അറ്റകുറ്റപ്പണികൾക്ക് ക്രമരഹിതമായി 3,57,213 രൂപ ചെലവഴിച്ചതായി രേഖ

പണി ഒന്നിന് 5000 രൂപ എന്ന പരിധിയിൽപ്പെടുത്തി പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിൽ 75 വഴികളുടെ അറ്റകുറ്റപ്പണി ചെയ്തതിന് കരാറുകാർക്കായി 3,57,213 രൂപ നൽകിയതായി കാണിച്ചിരിക്കുന്നു. 75 റോഡുകളിലും സമാന സ്വഭാവമുള്ള പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റോ, കൺവയൻസ് സ്റ്റേറ്റ്മെന്റുകളോ ഹാജാരാക്കിയിട്ടില്ല. ബന്ധപ്പെട്ട അളവു ബുക്കുകളോ രജിസ്റ്ററുകളോ ഹാജരാക്കാത്തതിനാൽ അളവുകളുടെ നിജസ്ഥിതി പരിശോധിക്കാൻ നിർവ്വാഹമില്ല. ചെയ്ത ജോലിയുടെ അളവും വിവരവും രേഖപ്പെടുത്താതെ മൊത്തം തുക മാത്രം കാണിച്ച് പണം നൽകുകയാണ് ചെയ്തിട്ടുള്ളത്.

ജോലികളിൽ മുഖ്യ ഇനമായ "തൽപ്രദേശത്തു നിന്നും ലഭിച്ച മണൽ ഉപയോഗിച്ചുള്ള നികത്തൽ/ഉയർത്തൽ" എന്ന പണിക്ക് ഷെഡ്യൂൾ പ്രകാരം അനുവദനീയമായ രൂ. 490.50/10 എം3 എന്ന നിരക്കിനു പകരം രൂ. 984.33/10 എം.3 എന്ന നിരക്കിൽ തുക നൽകിയിട്ടുണ്ട്. ഗ്രാവൽ മണ്ണ് ഇറക്കിയതിനും രൂ.6.55/എം3 നൽകിയിട്ടുണ്ട്. ഇപ്രകാരം 75 പണികൾക്കായി മൊത്തം 56324 രൂപ അധികം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഹാജാരാക്കാത്ത സാഹചര്യത്തിൽ ഈ പണികൾ നടന്നിട്ടുണ്ടോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക. III.10 (എ)]

ആഡിറ്റ് ഖണ്ഡികയ്ക്ക് പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

1. അധികം വാങ്ങിയ തുക തിരികെ അടയ്ക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിയ്ക്ക് 12-7-2003-ലും കരാറുകാർക്ക് 16-10-2004-ലും അറിയിപ്പു നൽകിയിട്ടുണ്ട്

ഓഡിറ്റ് ഖണ്ഡിക

(ബി) ഉപാധിരഹിത നിധി-ദുർവിനിയോഗം 1,57,447 രൂപ ക്രമവിരുദ്ധമായി കൈവശം വച്ചു.

"ഉപാധിരഹിത നിധി പണികളുടെ ആവശ്യത്തിലേയ്ക്ക്" എന്ന് രേഖപ്പെടുത്തി പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിൽ 1997-98-ൽ എട്ട് വൗച്ചറുകളിലായി 1,83,447 രൂപ മുൻകൂർ എന്ന നിലയിൽ സെക്രട്ടറി പിൻവലിച്ചു. ഇതിൽ 26,000 രൂപ മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ. 1,57,447 രൂപ സെക്രട്ടറിയുടെ കൈവശം ഉള്ളതായി ബോദ്ധ്യമുണ്ട് സർക്കാർ പണം മതിയായ കാരണങ്ങൾ ഇല്ലാതെ കൈവശം സൂക്ഷിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക. III.10 (ബി)]

ആഡിറ്റ് ഖണ്ഡികയ്ക്ക് പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

2. "തുക പിൻവലിച്ച ബന്ധപ്പെട്ട സെക്രട്ടറിയ്ക്ക് രജി. നോട്ടീസ് നൽകിയിട്ടുണ്ട്. സെക്രട്ടറി ഇതു സംബന്ധിച്ച് യാതൊരു സ്റ്റേറ്റ്മെന്റും ഇതുവരെ നൽകിയിട്ടില്ല".

ഓഡിറ്റ് ഖണ്ഡിക

(സി) മുൻകൂർ ക്രമീകരിക്കാതെ വീണ്ടും ചെലവു നടത്തി

മംഗലപ്പള്ളിപ്പാലം, പറ്റശ്ശേരിപ്പാലം, മൂലേപ്പറമ്പ് പാലം എന്നിവയുടെ പണികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങാൻ മൂൻകൂറായി 13,000 രൂപ സെക്രട്ടറി പിൻവലിക്കുകയും, സാധനങ്ങൾ വാങ്ങിയപ്പോൾ മുൻകൂർ ക്രമീകരിക്കാതെ പ്രത്യേകം ബില്ലെഴുതി ബന്ധപ്പെട്ടവർക്ക് തുക മുഴുവൻ നൽകുകയും ചെയ്തിട്ടുണ്ട്.. മുൻകൂറായി വാങ്ങിയ 13,000 രൂപ സെക്രട്ടറിയുടെ കൈവശം നിലനിൽക്കുന്നു. ഇത് താൽക്കാലിക പണാപഹരണത്തിന് സമമാണ്.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക. III. 10 (സി)]

ആഡിറ്റ് ഖണ്ഡികയ്ക്ക് പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

3. "തുക പിൻവലിച്ച ബന്ധപ്പെട്ട സെക്രട്ടറിയ്ക്ക് രജി.നോട്ടീസ് നൽകിയിട്ടുണ്ട്. സെക്രട്ടറി ഇതു സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല."

4. ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട മൂന്ന് ആഡിറ്റ് പരാമർശങ്ങൾക്കും സെക്രട്ടറി വ്യക്തമായ മറുപടി നൽകിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുകയുണ്ടായി.

5. വഴികളുടെ അറ്റകുറ്റപ്പണികൾക്ക് ക്രമരഹിതമായി 3,57,213 രൂപ ചെലവഴിച്ചു എന്ന ആഡിറ്റ് പരാമർശത്തിന് കാരണക്കാരായ സെക്രട്ടറിയും കൺവീനറും ഇതിന് വിശദീകരണം നല്കേണ്ടതാണെന്നും സർചാർജ്ജ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും സമിതി നിർദ്ദേശിക്കുന്നു

6. വിശദമായ എസ്റ്റിമേറ്റോ, കൺവേയൻസ് സ്റ്റേറ്റ്മെന്റോ ഹാജരാക്കിയിട്ടില്ലെന്നും, ബന്ധപ്പെട്ട അളവു ബുക്കുകളോ രജിസ്റ്ററുകളോ ഹാജരാക്കാത്തതിനാൽ അളവുകളുടെ നിജസ്ഥിതി പരിശോധിക്കാൻ നിർവ്വാഹമില്ലാത്ത ഒരു സ്ഥിതിയാണ് നിലവിലുള്ളതെന്നും ചെയ്ത ജോലിയുടെ അളവും വിവരവും രേഖപ്പെടുത്താതെ മൊത്തം തുക മാത്രം കാണിച്ച് പണം നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും സമിതി വിലയിരുത്തുന്നു.

7. ഉപാധിരഹിതനിധി- ദുർവിനിയോഗം 1,57,447 രുപ ക്രമവിരുദ്ധമായി കൈവശം വച്ചു എന്ന ആഡിറ്റ് പരാമർശത്തിൽ 1,83,447 രൂപ മുൻകൂറായി സെക്രട്ടറി പിൻവലിച്ചതിൽ 26,000 രൂപ മാത്രമേ ക്രമീകരിച്ചിട്ടുള്ളൂവെന്നും ക്രമീകരിക്കുവാനുള്ള ബാക്കി തുക തിരിച്ചു പിടിക്കാൻ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

8. മുൻകൂർ ക്രമീകരിക്കാതെ വീണ്ടും ചെലവു നടത്തി എന്ന ആഡിറ്റ് പരാമർശത്തിന് 13,000 രൂപ സെക്രട്ടറിപിൻവലിക്കുകയും പിന്നീട് അടയ്ക്കുകയും അത് ക്രമീകരിക്കാതെ പ്രത്യേകം ബില്ലെഴുതി തുക നൽകുകയും അഡ്വാൻസ് തുക കൈവശം വയ്ക്കുകയും ചെയ്തത് താൽക്കാലിക പണാപഹരണമാണെന്നും സമിതി വിലയിരുത്തുന്നു.

9. ആഡിറ്റ് നടത്തുന്ന സമയത്ത് താൻ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ ഇല്ലായിരുന്നുവെന്നും അതുകൊണ്ട് ചെയ്ത വർക്കിന്റെ മെഷർമെന്റോ എം ബുക്കോ യഥാസമയം ഹാജരാക്കാൻ കഴിഞ്ഞില്ലെന്നും ഇപ്പോൾ ഇതു സംബന്ധിച്ച് എല്ലാ രേഖകളും പഞ്ചായത്ത് ആഫീസിൽ ഉണ്ടെന്നും 15-3-2001-ൽ പാലമേൽ പഞ്ചായത്തിലേക്കാണ് താൻ സ്ഥലം മാറി പോയതെന്നും അന്നത്തെ സെക്രട്ടറി ശ്രീ.ഗോപാലൻ സമിതിക്ക് തെളിവ് നൽകി. കാഷ് ബുക്ക് ശരിയായി സൂക്ഷിക്കാതിരുന്നതിന്റെ പേരിൽ താൻ ഇപ്പോൾ സസ്പെൻഷനിലാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

10. മേൽ സൂചിപ്പിച്ച മൂന്ന് ആഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

11. മൂന്ന് ആഡിറ്റ് പരാമർശങ്ങളും ധന ദുർവിനിയോഗത്തിന് ഉദാഹരണങ്ങളാണെന്നും, ആയതിനാൽ സർചാർജ്ജ് നടപടികളുമായി മുന്നോട്ടു പോകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## തകഴി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

(എ) അനധികൃത കരം പിരിക്കലും തുടർന്നുള്ള പണാപഹരണവും

തകഴി ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. രാമചന്ദ്രന് 31-8-1998-ൽ നൽകിയ 33056-ാം നമ്പർ രസീതു ബുക്ക് ഉപയോഗിച്ച് പ്യൂൺ ശ്രീമതി. ജെ.ഗൗരി മാസങ്ങളോളം തൊഴിൽ കരം, വീട്ടുകരം, ഫെറി റെന്റ് എന്നീ ഇനങ്ങളിലായി 10,210.20 രൂപ പിരിച്ചെടുക്കുകയും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ 5-7-1997-ന് 22386/20-6-1997 ചെക്ക് പ്രകാരം അമ്പലപ്പുഴ സബ് ട്രഷറിയിൽ നിന്നു 17,945 രൂപാ പിൻവലിച്ച് ജീവനക്കാരുടെ പി.എഫ്., പെൻഷൻ വിഹിതം, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ അടയ്ക്കുന്നതിലേയ്ക്ക് പഞ്ചായത്തിലെ പ്യൂൺ ശ്രീമതി. ജെ. ഗൗരിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിച്ചതിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ബന്ധപ്പെട്ട ആഫീസുകളിൽ അടച്ചതായി കാണുന്നില്ല. പുറക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അധിക ചുമതലയിലായിരുന്ന അവസരത്തിലാണ് മേൽ പറഞ്ഞ ചെക്ക് എഴുതിയിട്ടുള്ളത്. 20-6-1997-ൽ ചെക്കെഴുതിയശേഷമാണ് അദ്ദേഹം ചാർജ്ജ് വിടുന്നത്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III. 11 (എ), 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV. 12]

ആഡിറ്റ് ഖണ്ഡികയ്ക്ക് തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

12. "ഗ്രാമ പഞ്ചായത്തിലെ പ്യൂണായിരുന്ന ശ്രീമതി. ഗൗരി 33056-ാം നമ്പർ രസീത് ബുക്കിൽ 1 മുതൽ 33 വരെയുള്ള രസീതുകൾ പ്രകാരം പിരിച്ച 10,210 രൂപ 20 പൈസ പഞ്ചായത്ത് ഫണ്ടിൽ 31-12-1998-ൽ ഒടുക്കിയിട്ടുണ്ട്. ടി കുറ്റകൃത്യത്തിന്റെ പേരിൽ ശ്രീമതി. ഗൗരിയെ 4-1-1999-ൽ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു."

13. ട്രഷറിയിൽ നിന്നും പിൻവലിച്ച് കൈവശം സൂക്ഷിച്ച 17,945 രൂപ ഗഡുക്കളായി 4-11-2001-ൽ 50/11236 നമ്പർ രസീതും 28-11-2001-ൽ 81/18475 നമ്പർ രസീതും പ്രകാരം ശ്രീമതി ഗൗരിയിൽ നിന്നും തിരിച്ചു പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് ഖണ്ഡിക

(ബി) അനധികൃതമായി തുക പിൻവലിച്ചു

തകഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 11-6-1998-ന് ട്രഷറിയിൽ നിന്നും 169513-ാം നമ്പർ ചെക്ക് പ്രകാരം 50,648 രൂപ പിൻവലിക്കുകയുണ്ടായി. എന്നാൽ 9648 രൂപ മാത്രമേ ക്യാഷ് ബുക്ക്, ചെലവ് രജിസ്റ്റർ എന്നിവയിൽ കാണിച്ചിട്ടുള്ളൂ. കൂടുതലായി 41,000 രൂപ പിൻവലിക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമല്ല. ആഡിറ്റ് സമയത്ത് 41,000 രൂപയുടെ മസ്റ്റർ റോൾ തയ്യാറാക്കി പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ട് ഹാജാരാക്കിയത് ആഡിറ്റിൽ അംഗീകരിച്ചിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക III. 11 ബി]

ആഡിറ്റ് ഖണ്ഡികയ്ക്ക് തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

14. "11-6-1998-ൽ സെക്രട്ടറി 169513-ാം നമ്പർ ചെക്കു മുഖേന പിൻവലിച്ച 50,648 രൂപയിൽ 9648 രൂപ കഴിച്ചുള്ള 41,000 രൂപയുടെ ചെലവ്, പഞ്ചായത്തിൽ ലാട്രിൻ നിർമ്മിച്ചതിനുള്ള കൂലിവേലയിനത്തിൽ നൽകുന്നതിനുള്ള തുകയാണ്. ടി തുകക്കുള്ള മസ്റ്റർ റോൾ തയ്യാറാക്കിയിരുന്നു. വൗച്ചറുകൾ ക്രമീകരിച്ചപ്പോഴുണ്ടായ അപാകത മൂലമാണ് ചെലവ് രജിസ്റ്ററിലും ക്യാഷ്ബുക്കിലും ഉൾപ്പെടുത്താൻ കഴിയാതിരുന്നത്. പിന്നീട് ഈ അപാകത ഓഡിറ്റ് അംഗങ്ങളേയും, 21-6-1999-ൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്."

ഓഡിറ്റ് ഖണ്ഡിക

(സി) കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചില്ല. 5,82,850 രൂപയ്ക്കുള്ള മുൻകൂർ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നു

സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിൽ നിന്നും 9 മരാമത്ത് പണികൾക്കായി 7,66,090 രൂപ വിവിധ ഘട്ടങ്ങളിലായി കൺവീനർമാർക്ക് നൽകുകയുണ്ടായി. ഇതിൽ 1,83,240 രൂപ മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ. ബാക്കി നിൽക്കുന്ന 5,82,850 രൂപ ക്രമീകരിക്കുകയോ പണി പൂർത്തിയായത് സംബന്ധിച്ച രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക. III. (11) സി]

ആഡിറ്റ് ഖണ്ഡികയ്ക്ക് തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

15. "ഓഡിറ്റ് റിപ്പോർട്ടിലെ 35-ാം ഖണ്ഡികയിൽ ഒന്നാമതായി പരാമർശിക്കുന്ന 1 മുതൽ 9 വരെയുള്ള പൊതുമരാമത്ത് വേലകൾ ഗുണഭോക്തൃ സമിതി വഴിയാണ് നടപ്പിലാക്കിയത്. ഇവയ്ക്ക് മൊബിലൈസേഷൻ അഡ്വാൻസിനുശേഷം വർക്കിന്റെ പുരോഗതിയുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റേയും വാർഡ് മെമ്പറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ അഡ്വാൻസ് തുകകൾ നൽകിയിട്ടുണ്ട്. ഇതിൽ ആറ് (6) റോഡ് പണികൾ പൂർത്തീകരിച്ച്, അവസാന ഗഡു തുക നൽകി. ബാക്കിയുള്ള വർക്കുകൾ (ക്രമനമ്പർ 3,4,8 )ക്ക് നൽകിയ തുകയ്ക്കുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും എൻജിനീയർ രേഖപ്പെടുത്തിയ ബില്ല് പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ആയതിനുള്ള നോട്ടീസ് ബന്ധപ്പെട്ട വർക്കിന്റെ കൺവീനർ, ചെയർമാൻ എന്നിവർക്ക് നൽകിയിട്ടുണ്ട്"

16. തകഴി ഗ്രാമ പഞ്ചായത്തിലെ പ്യൂൺ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച ആഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം ആരായുകയുണ്ടായി.

17. പ്യൂണിന് രസീത് ബുക്കുമായി പോയി കരം പിരിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചതിനുത്തരവാദികൾ ബന്ധപ്പെട്ട മേലധികാരികൾ തന്നെയാണെന്നും ഇപ്രകാരം ഒരു പ്യൂണിനെ പണം വാങ്ങാനായി ചുമതലപ്പെടുത്തി വിടുമ്പോൾ ട്രഷറി ബുക്കും ക്യാഷ് രജിസ്റ്ററും തമ്മിൽ ഒത്തുനോക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്ക് ഉണ്ടെന്നും അപ്രകാരം ചെയ്യാത്തത് ഗുരുതരമായ ക്രമക്കേട് തന്നെയാണെന്നും സമിതി അഭിപ്രായപ്പെടുന്നു

18. ആരോപണ വിധേയയായ പ്യൂൺ ശ്രീമതി ഗൗരിയ്ക്ക് ഡി.സി.ആർ.ജി. കൊടുത്തിരുന്നില്ലെന്നും അവർക്ക് ലയബിലിറ്റി ഉണ്ടെന്നു ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് തെളിവു നൽകി.

19. മൂന്നുവർഷത്തിനുള്ളിൽ ഗ്രാറ്റുവിറ്റി നൽകിയില്ലെങ്കിൽ ഇവരുടെ ഡി.സി.ആർ.ജി.യിൻമേൽ പലിശകൂടി കൊടുക്കേണ്ടിവരുമെന്നും റിട്ടയർ ചെയ്താലും പഞ്ചായത്തിന് നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ അത് തിരിച്ചു പിടിക്കാവുന്നതാണെന്നു ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

20. ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്നും ഹിയറിംഗ് നടത്താതെ കേസ് ഡിസ്പോസ് ചെയ്തതെന്തുകൊണ്ടാണെന്നും സമിതി ആരായുകയുണ്ടായി.

21. ടിയാളുടെ ഒരു ഇൻക്രിമെന്റ് തടഞ്ഞുകൊണ്ട് ഫയൽ ക്ലോസ് ചെയ്തതായി ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് തെളിവു നൽകി. ബോണ്ട് വയ്ക്കണമെന്ന് ആവശ്യപ്പെട്ട് അവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച തുടർ നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

22. 20,468 രൂപയുടെ രണ്ട് വൗച്ചറുകളാണ് ലഭ്യമല്ലാത്തതെന്നും അതിൽ 9,615 രൂപയുടെ വൗച്ചർ ചെലവ് രജിസ്റ്ററിലും, ക്യാഷ്ബുക്കിലും രേഖപ്പെടുത്തിയിട്ടുന്നെും ബാക്കി 41,000 രൂപക്ക് വൗച്ചർ ഉണ്ടായിരുന്നുവെങ്കിലും ചെലവ് രജിസ്റ്ററിലും ക്യാഷ് ബുക്കിലും എഴുതിയതായി കാണുന്നില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകുകയുണ്ടായി.

23. അനധികൃതമായി പിൻവലിച്ച തുകക്കുള്ള മസ്റ്റർ റോൾ തയ്യാറാക്കി വൗച്ചറുകൾ ക്രമീകരിച്ചപ്പോഴുണ്ടായ അപാകത മൂലമാണ് രജിസ്റ്ററിലും ക്യാഷ് ബുക്കിലും ഉൾപ്പെടുത്താൻ കഴിയാതിരുന്നതെന്ന മറുപടി യുക്തിസഹമല്ലെന്നും, അഴിമതിക്കു പഴുതുകളുണ്ടാക്കികൊടുക്കാനേ ഇപ്രകാരമൊരു മറുപടി സഹായിക്കൂ എന്നും സമിതി അഭിപ്രായപ്പെടുന്നു.

അനധികൃതമായി തുക പിൻവലിച്ചു എന്ന പരാമർശത്തിൻമേൽ തകഴി ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച അധികവിവരം :—

24. 11-6-1998-ൽ 169513-ാം നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 50,648 രൂപ ചുവടെ പറയുന്ന മൂന്ന് പ്രവൃത്തികളുടെ കൂലിച്ചെലവ് മസ്റ്റർ റോൾ പ്രകാരം നൽകുന്നതിനായിരുന്നു (1) 1993-94 (ഉപാധിരഹിത ഫണ്ട്) ജനറൽ വിഭാഗം-കക്കൂസ് നിർമ്മാണം-9615 രൂപയും (2) 5, 10 എന്നീ വാർഡുകളിൽ കൂടി കടന്നു പോകുന്ന പള്ളിനാൽ പടറോഡിന്റെ ജോലിക്കൂലി ഇനത്തിൽ 27,517 രൂപയും (3) 97-1998-ലെ വി.റ്റി.സി. ഗ്രാന്റുപയോഗിച്ച് ഒന്നാം വാർഡിൽ കൊല്ലംപറമ്പ് മുതൽ തെക്കേകടുമം വരെയുള്ള റോഡിന്റ ജോലിക്കൂലി ഇനത്തിൽ 13,516 രൂപയും ചേർത്ത് ആകെ 50,648 രൂപ ആയിട്ടുണ്ടെന്നും മുഴുവൻ തുകയുടേയും വിവരങ്ങൾ ക്യാഷ്ബുക്കിൽ ചേർത്തിരുന്നില്ലെന്നും വൗച്ചറുകൾ ക്രമീകരിച്ചപ്പോൾ ഉണ്ടായ അപകാതമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും, കൂലിയിനത്തിൽ ചെലവഴിച്ചതാണെന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതായും, പള്ളിനാൽ പടറോഡ് പണിയുടെ അളവുകൾ രേഖപ്പെടുത്തിയ എം. ബുക്ക് പ്രകാരം ഈ തുകയിൽ ജോലിക്കൂലി നൽകുന്നതിനായി പിൻവലിച്ച 27,517 രൂപയും ഉൾപ്പെട്ടിട്ടുണ്ടെന്നും കൊല്ലം പറമ്പ് മുതൽ തെക്കെ കടുമം വരെയുള്ള റോഡ് പണിയുടെ അളവുകൾ രേഖപ്പെടുത്തിയ എം. ബുക്ക് പ്രകാരം 4/9596 (പേജ് നം.70) ആകെ 22,062 രൂപ മൂല്യ നിർണ്ണയം നടത്തപ്പെട്ടിട്ടുണ്ടെന്നും, ഈ തുകയിൽ ജോലിക്കൂലി നൽകുന്നതിനായി പിൻവലിച്ച 13,516 രൂപ ഉൾപ്പെടുന്നുണ്ടെന്നും തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാൽ തടസ്സം ഒഴിവാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും സൂചിപ്പിക്കുന്ന പുനരഭിപ്രായക്കുറിപ്പ് 9-2-2005-ലെ എൽ.എഫ്. 25594/സ്പെ.സെൽ (ജി1)/2004-ലെ കത്തു മുഖേന ലോക്കൽ ഫണ്ട് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

25. കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചില്ല. 5,82,850 രൂപയ്ക്കുള്ള മുൻകൂർ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നു എന്ന ആഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് സമിതി വിശദീകരണം ആരായുകയുണ്ടായി.

26. 9 പൊതുമരാമത്ത് വേലകൾക്കും 9 ചെയർമാൻമാരും 9 കൺവീനർമാരും ഉണ്ടായിരുന്നുവെന്നും മൂന്നു വർക്കുകൾ മാത്രമേ പൂർത്തീകരിക്കുവാനുള്ളൂവെന്നും എന്നാൽ 9 വർക്കുകളും പൂർത്തീകരിച്ചുവെന്നാണ് പദ്ധതി നടത്തിപ്പു കാലയളവിലെ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളതെന്നും നിലവിലുള്ള സെക്രട്ടറി സമിതിക്ക് തെളിവ് നൽകുകയുണ്ടായി.

27. ആറ് പ്രവൃത്തികൾക്ക് എൻജിനിയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിലും മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ റിപ്പോർട്ട് കാണുന്നില്ലെന്നും ഒരു പൊതുമരാമത്ത് പണിയുമായി ബന്ധപ്പെട്ട ബിൽ, എൻജിനിയർ നൽകുമ്പോൾ എൻജിനിയറുടെ സ്റ്റേജ്

സർട്ടിഫിക്കറ്റും കംപ്ലീഷൻ സർട്ടിഫിക്കറ്റും ആവശ്യമാണെന്നിരിക്കെ അത് ലഭ്യമാക്കാതെ, മുഴുവൻ തുകയും അന്നത്തെ പഞ്ചായത്ത് സെക്രട്ടറി കൺവീനർമാർക്ക് കൈമാറിയത് ശരിയായ നടപടിയല്ലെന്നും വർക്കുകൾ പൂർത്തിയാക്കാത്തതുകൊണ്ടാണ് എൻജിനിയറുടെ സർട്ടിഫിക്കറ്റ് ഇല്ലാതിരുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. മുൻ സെക്രട്ടറിയുടെ കാലത്താണ് ഇതുമായി ബന്ധപ്പെട്ട എല്ലാ ക്രമക്കേടുകളും നടന്നിരിക്കുന്നതെന്നും 5,82,850 രൂപ നിയമവിരുദ്ധമായി കൊടുത്തതുൾപ്പെടെയുള്ള ഫയൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ടിയാളുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു

## നിഗമനങ്ങൾ/ശുപാർശകൾ

28. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് എല്ലാ ഫയലുകളും പരിശോധിച്ച് ഒരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശ പ്രകാരം അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എസ്. പി. രാജൻ ഒരു മേൽ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപമായി സമിതി കാണുന്നു. പുന:പരിശോധനാ റിപ്പോർട്ടിൽ തുക വിനിയോഗിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും ബന്ധപ്പട്ട ഫയലുകളും ആഡിറ്റിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

1. പദ്ധതി രേഖകൾ, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവ കൂടാതെ 46,000 രൂപ ചെലവഴിച്ചു

ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്തിന് ലഭിച്ച പദ്ധതി വിഹിതത്തിൽ നിന്നും 46,000 രൂപാ കനാലിന് കുറുകെ സ്ലാബ് വാർക്കുക പിച്ചിംഗ് കെട്ടുക എന്നീ മരാമത്ത് പണികൾക്കായി ചെയർമാൻ ശ്രീ. എസ്. മോഹനൻ പിള്ളയുടേയും കൺവീനർ പി. കെ. ശിവരാമന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ 30-6-1998-ൽ നിക്ഷേപിച്ചു. അടുത്ത രണ്ട് ദിവസങ്ങളിലായി മുഴുവൻ തുകയും പിൻവലിക്കുകയും ചെയ്തു.

ഈ പ്രവൃത്തി സംബന്ധിച്ച് പദ്ധതി രേഖ തയ്യാറാക്കുകയോ, ഡി.പി.സി.യുടെ അംഗീകാരം തേടുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ലഭ്യമായ രേഖകൾ വ്യക്തമാക്കുന്നത് കൺവീനർ 19-6-1998-ൽ ഉടമ്പടി വയ്ക്കുന്നതിന് മുൻപ് തന്നെ 8-6-1998-ന് പ്രവൃത്തി ആരംഭിച്ചിരുന്നു എന്നാണ് പദ്ധതി രേഖ, ഡി.പി.സി. അംഗീകാരം ബി.എൽ.ഇ.സി.യുടെ സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, മെഷർമെന്റ് എന്നിവ കൂടാതെ മരാമത്ത് പണിക്ക് തുക നൽകിയത് ധനദുർവിനിയോഗമായി ആഡിറ്റിൽ കണക്കാക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക III. 12]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

29. "ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ 1997-98-ലെ ആഡിറ്റ് റിപ്പോർട്ടിലെ പാര 21 ഉൾപ്പെടെയുള്ള ഭാഗങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വിജയചന്ദ്രവാര്യർക്ക് 9-1-2002-ൽ നൽകിയിരുന്നു. ആയതിന് 12-7-2002 -ൽ മറുപടി നൽകിയിരുന്നു.1997-98-ലെ വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച ചില പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ നടത്തുവാൻ കഴിയില്ലെന്ന് ഉറപ്പായതോടെ യാണ് ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഒന്നാം വാർഡിലെ പുത്തിലേത്തു മുക്ക്- പുരയ്ക്കാട്ടുമുക്ക് റോഡിൽ നിലവിലുള്ള കനാലിന് കുറുകെ സ്ലാബ് വാർത്തിടുകയും, പിച്ചിംഗ് കെട്ടുകയും ചെയ്യുക എന്ന ജോലി ഏറ്റെടുത്തത്. 30-6-1998-നു മുമ്പ് മുഴുവൻ പദ്ധതി തുകയും ചെലവഴിക്കണമെന്ന നിർദ്ദേശമുള്ളതിനാൽ നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ച് പണി ആരംഭിച്ചാൽ കാലതാമസം ഉണ്ടാകു മെന്ന കാരണത്താലാണ് ഡി.പി.സി.യുടേയും ബി.എൽ.ഇ.സി.യുടേയും അംഗീകാരം ലഭി ക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ പണികൾ 12-6-1998-ൽ തന്നെ ആരംഭിച്ചതെന്നും 30-6-1998-നു മുമ്പായി പണി പൂർത്തീകരിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.. ഡി.പി.സി.യുടെ അംഗീകാരത്തിനായി പഞ്ചായത്ത് നൽകിയിരുന്ന പ്രോജക്റ്റുകൾ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ബി.എൽ.ഇ.സി പരിഗണ നയ്ക്കെടുത്തില്ല. എന്നാൽ 11-8-1998-ൽ കൂടിയ ബി.എൽ.ഇ.സി യുടെ യോഗത്തിൽ പഞ്ചായത്ത് നൽകിയിരുന്ന പ്രോജക്റ്റുകൾ പരിഗണിക്കുകയും സാങ്കേതികാനുമതി നൽകുന്നതിന് സബ്ജക്റ്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. എന്നാൽ പ്രസ്തുത രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിന് കഴിയാതെ പോയി എന്നും മറുപടി നൽകിയിട്ടുണ്ട്.

30. 30-6-1998-നു മുൻപായി പണി പൂർത്തീകരിക്കണമെന്ന ഉദ്ദേശത്തോടുകൂടി വാർഡ് മെമ്പർ ഗ്രാമ സഭ വിളിച്ചു കൂട്ടുകയും എൻജിനിയറുടെ മേൽനോട്ടത്തിൽ പണി ആരംഭിക്കുകയും ചെയ്തു. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിന് കാലതാമസം ഉണ്ടായതുമൂലമാണ് മെഷർമെന്റ് ബുക്കിൽ ചിലയിനങ്ങൾ രേഖപ്പെടുത്തേണ്ടി വന്നത്. എന്നാൽ പഞ്ചായത്തുമായി കരാർ ഒപ്പിട്ടതിനുശേഷമാണ് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതെന്നും പണി പൂർത്തീകരിച്ചതിനുശേഷമാണ് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. ജനകീയാ സൂത്രണ പരിപാടിയുടെ തുടക്കം എന്ന നിലയിലുള്ള ചിന്താ കുഴപ്പം മൂലമുള്ള പോരായ്മ കൾക്ക് മാപ്പ് നൽകണമെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ആവശ്യം 27-9-2002-ൽ കൂടിയ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി വിശദമായി പരിശോധിക്കുകയും ആയത് അംഗീകരി ക്കുകയും നിർവ്വഹണോദ്യോഗസ്ഥനെ ആഡിറ്റ് തടസ്സത്തിൽ നിന്ന് ഒഴിവാക്കണമെന്നും II (a) II (b)നമ്പർ തീരുമാനങ്ങൾ പ്രകാരം ലോക്കൽഫണ്ട് അധികൃതരോട് അഭ്യർത്ഥി ച്ചിട്ടുണ്ട്. (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29-1-2003-ലെ എൽ. എഫ്. 21478/ സ്പെ.സെൽ നമ്പർ പ്രകാരം ടി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്)."

31. പദ്ധതി രേഖകൾ, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, ചെക്ക്, മെഷർമെന്റ് എന്നിവ കൂടാതെ 46,000 രൂപ ചെലവഴിച്ചതായി സൂചിപ്പിക്കുന്ന ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്തിനെ സംബന്ധിക്കുന്ന ആഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം തേടുകയുണ്ടായി.

32. മേൽ പ്രവൃത്തി സംബന്ധിച്ച് പദ്ധതി രേഖ തയ്യാറാക്കുകയോ, ഡി.പി.സി. യുടെ അംഗീകാരം തേടുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ലെന്നും കൺവീനർ 19-6-1998-ലെ ഉടമ്പടി വയ്ക്കുന്നതിനു മുമ്പ് തന്നെ 8-6-1998-ന് പ്രവൃത്തി ആരംഭിച്ചിരുന്നു എന്നാണ് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നതെന്നും സമിതി വിലയിരുത്തുകയുണ്ടായി.

33. ഡി.പി.സി. അംഗീകരിച്ച രേഖ ഇല്ലാത്ത സ്ഥിതിയ്ക്ക് തൃപ്തികരമായി പ്രവർത്തി പൂർത്തിയാക്കിയത് എങ്ങനെയെന്ന് സമിതി ആരായുകയുണ്ടായി.

34. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു എന്നും, ബന്ധപ്പെട്ട എൻജിനിയറുടെ ഓഫീസിൽ നിന്നും പകർപ്പ് വാങ്ങി വൗച്ചറിനോടൊപ്പം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

35. വർക്കിന് ഡി.പി.സി.യുടെ അംഗീകാരം കൊടുത്തത് സംബന്ധിച്ച് ഫയലിൽ ഇല്ലാത്ത രേഖ എങ്ങനെ കണ്ടു ബോദ്ധ്യപ്പെട്ടുവെന്നു സമിതി ആരായുകയുണ്ടായി. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്ത ശേഷമാണ് എഗ്രിമെന്റ് വച്ചതെന്നും എന്നാൽ മെഷർമെന്റ് രണ്ടുമൂന്ന് ഡേറ്റിലായാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും എഗ്രിമെന്റ് വച്ചതിനുശേഷമാണ് പണം കൊടുത്തിരിക്കുന്നതെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് വിശദികരണം നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

36. ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു.

## **പത്തിയൂർ ഗ്രാമ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

1. ജനകിയാസൂത്രണം-കാർഷിക പദ്ധതികൾ നടപ്പാക്കിയതിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ പദ്ധതി വിഹിതം ഗുണഭോക്താവിനു നേരിട്ടു നൽകാതെ ബന്ധപ്പെട്ട വാർഡുതല സമിതിയുടെ കൺവീനർമാർക്കാണു നൽകിയത്. ഈ തരത്തിൽ കൺവീനറെ നിയോഗിച്ചതായോ നൽകിയ പണം കൺവീനറുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചതായോ കാണുന്നില്ല. പദ്ധതി നടത്തിപ്പിലേക്കാവശ്യമായ 20,000 രൂപയിൽ കവിഞ്ഞ ഇനങ്ങൾ വാങ്ങിയതിനു പത്രപരസ്യം നടത്തിയതായി കാണുന്നില്ല. ഗുണഭോക്താക്കൾ പണം പറ്റിയതായ രസീതുകളും ലഭ്യമല്ല. സാധനങ്ങൾ വാങ്ങിയതിന്റേയും വിതരണം നടത്തിയതിന്റേയും വിവരങ്ങൾ കാണിക്കുന്ന കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതികളുടെ നടത്തിപ്പിലുള്ള അപാകതകൾ അന്വേഷണ വിധേയമാക്കേണ്ടതാണ്.

| | പദ്ധതികൾ | ചെലവാക്കിയ തുക |
|---|---|---|
| 1. | നെൽകൃഷി വികസനം | 75,000 |
| 2. | വാഴകൃഷി വികസനം | 79,950 |

| | | |
|---|---|---|
| 3. | പയർകൃഷി വികസനം | 33,445 |
| 4. | മരച്ചീനി കൃഷി | 1,00,000 |
| 5. | എലി നശീകരണം | 21,000 |
| 6. | പമ്പ് സെറ്റ് വിതരണം | 1,96,144 |
| 7. | മഞ്ഞൾ/ഇഞ്ചി കൃഷി വികസനം | 1,55,660 |

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ത്തിലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 10.]

ആഡിറ്റ് ഖണ്ഡികയ്ക്ക് പത്തിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

37. "ജനകീയാസൂത്രണം—കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ പദ്ധതി വിഹിതം ഗുണഭോക്താവിനു നേരിട്ട് നൽകാതെ ഓരോന്നിന്റേയും ബന്ധപ്പെട്ട വാർഡുതല സമിതിയുടെ കൺവീനർക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഇങ്ങനെ കൺവീനർക്ക് നൽകുന്നതിനെ കുറിച്ചോ, ഇങ്ങനെ ഒരു കൺവീനറെ കുറിച്ചോ പദ്ധതികളിൽ പരാമർശിക്കുന്നതേയില്ല. കൺവീനർക്ക് നൽകിയ പണം കൺവീനറുടേയും, നിർവ്വഹണ ഉദ്യോഗസ്ഥന്റേയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ചതായി കാണുന്നില്ല. ചെക്കുകൾ നേരിട്ട് കൺവീനർമാർക്കുതന്നെ നൽകുകയായിരുന്നു. തുടർന്ന് കൺവീനർമാർ ഈ പണം ഏത് രീതിയിൽ വിതരണം ചെയ്തുവെന്ന് കാണുന്നില്ല. ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് കൈവശം സൂക്ഷിക്കുകയായിരുന്നോ, അതോ ബാങ്കിൽ നിക്ഷേപിച്ചിരുന്നോ എന്നും അറിയാൻ കഴിഞ്ഞില്ല. പദ്ധതിപ്പണം യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താതെ പദ്ധതി നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. പദ്ധതിയുടെ നടത്തിപ്പിലേക്കാവശ്യമായ വാങ്ങലുകൾ നടത്തിയപ്പോൾ 20,000 രൂപായിൽ കവിയുന്ന വാങ്ങലുകൾക്ക് പത്ര പരസ്യം നടത്തേണ്ടതായിരുന്നു. എന്നാൽ പത്ര പരസ്യം നടത്തി വാങ്ങൽ നടത്തിയതായി കാണുന്നില്ല. ഇതും ക്രമരഹിതമായ നടപടിയാണ്. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയ രസീതും പരിശോധനക്ക് ഹാജാരാക്കിയില്ല. സാധനങ്ങൾ വാങ്ങിയതിന്റേയും വിതരണത്തേയും കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും ഹാജാരാക്കിയില്ല.

38. വിവിധ പദ്ധതികൾക്കായി രാസവളം, ജൈവവളം, വിത്ത് എന്നിവ വാങ്ങുന്നതിലേക്കായി പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഓരോ വാർഡു സമിതി കൺവീനർക്കായി വീതിച്ചു നൽകിയിരിക്കുകയാണ്. ഇതു തീർത്തും ക്രമരഹിതമായ നടപടിയാണ്. വിത്ത്, ജൈവവളം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ നൽകി വാങ്ങി .വാർഡുസമിതികളെ വിതരണത്തിന് ഏൽപ്പിക്കുന്നതിനു പകരം ഓരോ സമിതിയുടെയും ഇഷ്ടം പോലെ വാങ്ങുന്നതിന് പണം നൽകിയത് അതീവ ഗുരുതരമായ തെറ്റാണ്. രാസവളം നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയോ, പഞ്ചായത്തിലെ ഏതെങ്കിലും സൊസൈറ്റിയ്ക്ക് പെർമിറ്റ് നൽകി വിതരണം ചെയ്യേണ്ടിയിരുന്നതോ ആയിരുന്നു. അതിനു വിരുദ്ധമായി ഓരോ വാർഡു സമിതിക്കും തുക വീതിച്ചു നൽകിയിരിക്കുകയാണ്. ഗുണഭോക്താവിന്റെ വിഹിതമായി കാണിച്ചിരിക്കുന്ന തുകയിൽ ഒരു പൈസാപോലും വാങ്ങിയിട്ടില്ല. വളരെയധികം തുക ഗുണഭോക്തൃ വിഹിതമായി കാണിച്ചുകൊണ്ട് ലക്ഷക്കണക്കിന് രൂപയുടെ പ്രോജക്റ്റുകളാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചതായിട്ടുള്ള മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. എല്ലാ സ്കീമുകളിലും വിത്ത്, വളം എന്നിവ നൽകുന്നതിനു പകരം സാമ്പത്തിക സഹായമാണ് നൽകിയിരിക്കുന്നത്."

39. മേൽ സൂചിപ്പിച്ച ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് കൊടുത്തിരുന്നുവെന്നും അവർ യഥാസമയം മറുപടി നൽകിയില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

40. ആഡിറ്റിന്റെ കാലത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഡെപ്യൂട്ടേഷനിൽ ആയിരുന്നുവെന്നും ആയതിനാൽ ബന്ധപ്പെട്ട ഫയലുകളും രസീതുകളും ആഡിറ്റിന് ഹാജരാക്കാൻ കഴിഞ്ഞില്ലെന്നും, ക്വട്ടേഷൻ കൂടാതെ വാങ്ങിയെന്നു പറയുന്നത് കാർഷിക വികസന സമിതിയുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും രേഖാമൂലമുള്ള തീരുമാനപ്രകാരമാണെന്നും, തീരുമാനങ്ങളുടെ എല്ലാം തീയതികൾ ഫയലിൽ ഉണ്ടെന്നും ബന്ധപ്പെട്ട കൃഷി ഓഫീസർ സമിതിയ്ക്ക് തെളിവു നൽകുകയുണ്ടായി.

41. സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററോ, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവെന്നു സൂചിപ്പിക്കുന്ന രസീതുകളോ ഇല്ല എന്നതും പത്രപരസ്യം കൊടുത്തില്ല എന്നതും എടുത്തു പറയാവുന്ന അപാകതകളാണെന്ന് സമിതി വിലയിരുത്തി. ഓരോ പദ്ധതിക്കും പ്രത്യേകം ഫയലുകളാണ് ഉള്ളതെന്നും ആഡിറ്റിന് ബന്ധപ്പെട്ട ഫയലുകൾ എപ്പോൾ വേണമെങ്കിലും ഹാജരാക്കാമെന്നും കൃഷി ഓഫീസർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

42. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾക്കായി പിൻവലിച്ച തുകകൾ വിനിയോഗിച്ചതിന്റെ രേഖകൾ ആഡിറ്റിന് ഹാജാരാക്കാതിരുന്നതിനാലാണ് ചെലവ് തുക നിരാകരിച്ചതെന്നും ആഡിറ്റ് സമയത്ത് രേഖകൾ ഹാജാരാക്കാതിരുന്നതിന്റെ കാരണവും കൃഷി ഓഫീസറുടെ മറുപടിയിൽ സൂചിപ്പിച്ചിരുന്നു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം അവർ ഹാജരാക്കിയ എല്ലാ രേഖകളും പദ്ധതിയിൽ നിഷ്ക്കർഷിച്ച പ്രകാരം സാധനങ്ങൾ വാങ്ങിയതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകളും പരിശോധിച്ച് ചെലവുകൾ അംഗീകരിക്കാവുന്നതാണെന്ന് 9-2-2005-ലെ എൽ.എഫ്. 2559/സ്പെ.സെൽ (ജി1)/04 എന്ന നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

43. ഗുണഭോക്താക്കൾക്ക് സാധനങ്ങൾ നൽകിയതിനുള്ള രസീതുകളും സാധനങ്ങൾ വാങ്ങിയതിന്റേയും വിതരണം നടത്തിയതിന്റേയും വിവരങ്ങൾ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കാത്തത് പഞ്ചായത്തധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും പരാമർശവിധേയമായ ചെലവുകൾക്ക് അംഗീകാരം നല്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു.

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

30-6-1998-ന് ശേഷം നടത്തിയ ചെലവുകൾ 1997-98 വർഷത്തിൽ ഉൾപ്പെടുത്താനാവത്തവ.

സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 1016/98/ ഫിൻ തീയതി 17-3-1998 അനുസരിച്ച് 1997-98-ലെ പദ്ധതി വിഹിതം വിനിയോഗിക്കാൻ 30-6-1998-വരെ സമയം അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 1603/98/ഫിൻ/16-6-1998 ഉത്തരവ് അനുസരിച്ച്

പി.ഡി. അക്കൗണ്ടിൽ നിന്നും 30-6-1998-വരെ നൽകുന്ന ചെക്കുകൾ 1997-98 വർഷത്തെ ചെലവിനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ 30-6-1998-നുശേഷം നടത്തുന്ന ചെലവുകൾക്കു മുൻകൂർ നൽകാൻ പാടില്ല എന്നു നിഷ്ക്കർഷിക്കുകയും ചെയ്തിരുന്നു. എന്നാൽ 30-6-1998-ൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ 12,750 രൂപ അഡ്വാൻസ് പിൻവലിച്ച തുക ഉണ്ടായിരുന്നതായും ആയത് 4-7-1998 മുതൽ 7-8-1998 വരെയുള്ള കാലയളവിൽ കൊതുകു നിവാരണത്തിനുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതായും കാണുന്നു. ഇത് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.1I.]

ആഡിറ്റ് ഖണ്ഡികയ്ക്ക് ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

44. "1997-98 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ 40-ാം ഖണ്ഡിക (99-2000-ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ. ഖണ്ഡിക IV. 11) പ്രകാരം പരാമർശിച്ചിട്ടുള്ള ആഡിറ്റിൽ അംഗീകരിക്കാതിരുന്ന 12750 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടയ്ക്കാത്ത സാഹചര്യത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. വിക്രമൻപിള്ള, പ്രസിഡന്റ് ആയിരുന്ന ശ്രീമതി ലളിത ഗോപാലകൃഷ്ണൻ എന്നിവർക്കു തുക അടയ്ക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. തുക അടച്ചിട്ടില്ല. ടി കക്ഷികൾക്ക് എതിരെ സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട് എന്ന് ടി വർഷത്തെ പുനർ റിപ്പോർട്ടിൽ അറിയിച്ചിട്ടണ്ട്. നോട്ടീസിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതാകുന്നു."

45. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറാണ് തുക ചെലവാക്കിയതെന്നും 12-ാം മാസത്തിലാണ് തുക കൊടുത്തതെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

46. പദ്ധതി ഇംപ്ലിമെന്റ് ചെയ്തത് കട്ട് ഓഫ് ഡേറ്റിനുശേഷമായതിനാൽ അഡ്വാൻസ് നേരത്തേ കൊടുത്തതായിട്ടേ കണക്കാക്കാറുള്ളൂവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയ്ക്ക് വിശദീകരണം നൽകിയിരുന്നു. അഡ്വാൻസ് കൊടുത്തത് കൊതുക് നശീകരണത്തിനാണെന്നും 30-6-1998-ന് മുമ്പ് അഡ്വാൻസ് തുക കൊടുത്തോ എന്നുള്ളതാണ് പ്രശ്നമെന്നും 30-6-1998-ന് ചെലവാക്കാതെ അഡ്വാൻസ് ചെയ്തുവെങ്കിൽ 1-7-1998 വരെ ആ തുക എപ്രകാരമാണ് അക്കൗണ്ട് ചെയ്തതെന്ന് സമിതി ആരാഞ്ഞു. 30-6-1998-ന് ശേഷം വരുന്ന ചെലവുകൾക്ക് മുൻകൂർ കൊടുക്കാൻ പാടില്ലെന്നാണ് വ്യവസ്ഥയെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയ്ക്ക് വിശദീകരണം നൽകി.

47. ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കി കിട്ടുന്നതിനുവേണ്ടിയാണ് 30-6-1998-ന് മുമ്പുള്ളള കട്ട് ഓഫ് ഡേറ്റ് കൊടുത്തതെന്നും ട്രഷറിയിലെ ടി.പി. അക്കൗണ്ടിൽ കിടന്ന തുകയുടെ കാര്യത്തിൽ പ്ലാൻ ഇംപ്ലിമെന്റ് ചെയ്യാൻ മൂന്നുമാസത്തെ സമയം അനുവദിച്ചുകൊണ്ടാണ് ഉത്തരവായിട്ടുള്ളതെന്നും ധനകാര്യ വകുപ്പു അഡീഷണൽ സെക്രട്ടറി അറിയിച്ചു.

48. കൊതുകു നിർമ്മാർജ്ജന പദ്ധതി പ്രകാരം 30-6-1998-വരെ 13 വാർഡുള്ള പഞ്ചായത്തിൽ ഏഴു വാർഡിൽ പദ്ധതി പ്രാവർത്തികമാക്കിയെന്നും, ആറു വാർഡിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും, പൊതുജനങ്ങളുടേയും, പഞ്ചായത്ത് മെമ്പർമാരു

ടേയും പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്ന് പ്രസിഡന്റ് വിളിച്ച് അത് തുടരാൻ ആവശ്യപ്പെട്ടുവെന്നും അപ്പോഴൊന്നും നിശ്ചിത തീയതിയെക്കുറിച്ച് യാതൊരു മുന്നറിയിപ്പും ലഭിച്ചിട്ടില്ലായിരുന്നുവെന്നും 10-7-1998-ൽ കട്ട് ഓഫ് ഡേറ്റ് കഴിഞ്ഞ് കൂടിയ അവലോകന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് പങ്കെടുക്കുകയും യോഗ നടപടിക്കുറിപ്പ് അംഗീകരിച്ച് ഒപ്പിടുകയും ചെയ്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ നായ സിവിൽ സർജൻ തെളിവെടുപ്പു വേളയിൽ വിശദീകരണം നൽകുകയുണ്ടായി.

49. 30-6-1998-ന് ശേഷമാണ് 12750 രൂപ ചെലവഴിച്ചതെന്നും എന്നാൽ തുക പിൻവലിച്ചത് ജൂൺ 15-ന് ആണെന്നും അതിൽ കുറച്ച് ചെലവ് ചെയ്യാതിരുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയ്ക്ക് തെളിവ് നൽകുകയുണ്ടായി. പഞ്ചായത്ത് സെക്രട്ടറി എന്നാണ് ഈ പണം കൊടുത്തതെന്ന സമിതിയുടെ ചോദ്യത്തിന് കണക്കുകൾ ബോധിപ്പിക്കുന്ന മീറ്റിംഗിൽ കട്ട് ഓഫ് ഡേറ്റ് കഴിഞ്ഞാണ് പണം ചെലവാക്കിയിരിക്കുന്ന തെന്ന് മനസ്സിലാക്കുകയും അത് സാധൂകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ചെയ്യാമെന്ന് പഞ്ചായത്ത് പ്രസിഡന്റ് സമ്മതിച്ചിരുന്നുവെന്നും അതിനുശേഷം മിനിറ്റ്സ് ഒപ്പിടുകയാണ് ഉണ്ടായതെന്നും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സമിതിയ്ക്ക് തെളിവ് നൽകുകയുണ്ടായി.

50. മെഡിക്കൽ ഓഫീസറുടെ വിശദമായ റിപ്പോർട്ട് അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ആഡിറ്റർമാർക്ക് നൽകിയിരുന്നുവെങ്കിൽ ഈ പ്രശ്നം ഒഴിവാക്കാമായിരുന്നു വെന്നും, പഞ്ചായത്ത് സെക്രട്ടറിയുടെ അനാസ്ഥമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും സമിതി അഭിപ്രായപ്പെട്ടു.

51. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതായും ആവശ്യത്തിന് പമ്പു സെറ്റും തൊഴിലാളികളും ഇല്ലാതി രുന്നതിനാലാണ് 30-6-1998-ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും തുടർന്ന് 3-9-1998-ൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും കാണുന്നതിനാൽ മേൽ ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് 19-2-2005-ലെ എൽ.എഫ്. 29594/സ്പെ.സെൽ (ജി1)04 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

### നിഗമനങ്ങൾ/ശുപാർശകൾ

52. ആവശ്യത്തിന് പമ്പുസെറ്റും തൊഴിലാളികളും ഇല്ലാതിരുന്നതിനാലാണ് 30-6-1998-ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും തുടർന്ന് രണ്ടു മാസങ്ങൾക്കുശേഷം പണി പൂർത്തിയാക്കിയതായുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെയും പരാമർശം ഒഴിവാക്കാമെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

## ചിങ്ങോലി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

(എ) പഞ്ചായത്തു ജംഗ്ഷൻ മുതൽ കിഴക്കോട്ടുള്ള ടാറിംഗിന്റെ ജോലി-അധിക ചെലവ്

വി.റ്റി.സി. ഗ്രാന്റുപയോഗിച്ച് 1,77,000 രൂപയുടെ എസ്റ്റിമേറ്റിനു തയ്യാറാക്കിയ 4-ാം വാർഡിൽ പഞ്ചായത്ത് ജംഗ്ഷൻ മുതൽ കിഴക്കോട്ടുള്ള റോഡിന്റെ ടാറിംഗ് ജോലിയുടെ 7-ാമത്തെ ഇനം 20 എം.എം.ഘനത്തിൽ ഡിപ്പാർട്ടുമെന്റൽ സാധനങ്ങൾ ഉപയോഗിച്ച്

ചിപ്പിംഗ് കാർപ്പറ്റ് വിരിക്കലാണ്. എന്നാൽ ഈ ജോലി രണ്ടായി തരം തിരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 12 എം.എം. മെറ്റൽ, 6 എം.എം. മെറ്റൽ എന്നിവ ഉപയോഗിച്ച് ചെയ്തിരിക്കുന്ന ഈ വേല ഐ.ആർ.സി. സ്പെസിഫിക്കേഷൻ അനുസരിച്ച് ഒരിനം വേലയായി ചെയ്യേണ്ടതാണ്. ഡേറ്റാ പുസ്തകം 674-ാം വകുപ്പനുസരിച്ചും പ്രസ്തുത ഇനം വേലയ്ക്ക് 100 ച.മീറ്ററിനു 10 സ്പെഷ്യൽ മസ്ദൂറും 4 സ്ത്രീ തൊഴിലാളികളുമാണ്. എന്നാൽ ഈയിനം വേലയുടെ എസ്റ്റിമേറ്റ് പ്രകാരം 7-ാമത്തെ ഇനം വേലയ്ക്ക് (12 എം. എം. മെറ്റൽ ഉപയോഗിച്ചിട്ടുള്ളത്) 10 സ്പെഷ്യൽ മസ്ദൂറും 7 സ്ത്രീ തൊഴിലാളികളും 100 ച.മീറ്ററിന് ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ 8-ാമത്തെ ഇനം വേല (അതായത് 6 എം.എം. മെറ്റൽ ഉപയോഗിച്ചിട്ടുള്ളത്)യ്ക്ക് 100 ച.മീറ്ററിന് 7.5 സ്പെഷ്യൽ മസ്ദൂർ ഉപയോഗിച്ചിട്ടുണ്ട്.

അളവു പുസ്തകം 2/9697 പേജ് 53, 54 പ്രകാരം ടി ഇനം വേലയുടെ മസ്റ്റർ റോൾ പ്രകാരം കൊടുത്ത കൂലിയുടെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| സ്പെഷ്യൽ മസ്ദൂർ 212 തൊഴിൽ ദിനം 63 രൂപ പ്രകാരം | .. | 13,356.00 |
| സ്ത്രീ തൊഴിലാളി 114 തൊഴിൽ ദിനം 46 രൂപ പ്രകാരം | .. | 5,244.00 |
| ആകെ രൂപ | .. | 18,600.00 |

എന്നാൽ ഐ.ആർ.സി. സ്പെസിഫിക്കേഷൻ അനുസരിച്ച് 20 എം.എം. കനത്തിൽ 12 എം.എം. മെറ്റലും 6 എം.എം. മെറ്റലും ഉപയോഗിച്ച് ചിപ്പിംഗ് കാർപ്പറ്റ് വിരിക്കുന്നതിന് 100 ച.മീറ്ററിന് 7.5. സ്പെഷ്യൽ മസ്ദൂറും 3 സ്ത്രീ തൊഴിലാളികളുമാണ് ആവശ്യമുള്ളത്. ആയതിനാൽ ടി എസ്റ്റിമേറ്റിലെ 7-ാമത്തേയും 8-ാമത്തേയും ഇനം വേലകൾക്ക് (ഐ. ആർ.സി. പ്രകാരം ഒരിനം വേലയായി ചേയ്യേണ്ടതിന്) അനുവദനീയമായ തുക താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| സ്പെഷ്യൽ മസ്ദൂർ 1200 എം2-ന് (90 തൊഴിൽ ദിനം 63 രൂപ പ്രകാരം) | .. | 5670.00 |
| സ്ത്രീ തൊഴിലാളി ടി (36 തൊഴിൽ ദിനം 46 രൂപ പ്രകാരം) | .. | 1656.00 |
| ആകെ രൂപ | .. | 7326.00 |

ആയതിനാൽ 7-ാമത്തേയും 8-ാമത്തേയും ഇനം വേലയ്ക്കു അനുവദീയമായ തൊഴിലാളികളുടെ എണ്ണവും അതിന്റെ നിരക്കും കണക്കാക്കുമ്പോൾ 7,326 രൂപയേ വരുകയുള്ളൂ. എന്നാൽ ബന്ധപ്പെട്ട മസ്റ്റർ റോൾ പ്രകാരം 18,600 രൂപ നൽകുകയുണ്ടായി. ഇത്തരത്തിൽ അധികം നൽകിയ 11,274/ രൂപ അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 13.(എ)]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

53. "19-2-000-ൽ ആഡിറ്റ് റിപ്പോർട്ടു ലഭിച്ചു. 18-6-2000-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്തു സെക്രട്ടറിയ്ക്ക് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചു കൊടുത്തു.

മറുപടി തന്നില്ല. 19-7-2003-ൽ രജിസ്റ്റേർഡ് തപാലിൽ കത്തു നൽകി. മറുപടി നൽകിയില്ല. 28-2-2002-ൽ ടിയാൻ സർവീസിൽ നിന്നും വിരമിച്ചു. ടിയാന് പഞ്ചായത്തിൽ നിന്നും എൻ.എൽ.സി./എൽ.സി.യോ നൽകിയിട്ടില്ല."

54. ആഡിറ്റ് കാലഘട്ടത്തിൽ ഉണ്ടായിരുന്ന സെക്രട്ടറി റിട്ടയർ ചെയ്തുവെന്നും കത്തു മുഖേന അദ്ദേഹത്തിന് വിവരം കൊടുത്തിരുന്നുവെങ്കിലും മറുപടി ഒന്നും ലഭിച്ചില്ലെന്നും ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് ലോക്കൽഫണ്ട് അക്കൗണ്ട്സ് ഡിപ്പാർട്ടുമെന്റിലേക്ക് മറുപടി കൊടുത്തിരുന്നുവെന്നും ഇപ്പോഴത്തെ സെക്രട്ടറി സമിതിക്ക് തെളിവു നൽകി.

55. പരാമർശ കാലയളവിലെ എൻജിനീയർ റിട്ടയർ ചെയ്തുവെങ്കിലും അവർക്കും ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് നൽകേണ്ടതല്ലേ എന്നും ഇക്കാര്യത്തിൽ സെക്രട്ടറി കൃത്യ വിലോപമാണ് കാണിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തി. ചട്ടമനുസരിച്ച് പേമെന്റ് നടത്തിയ ആളാണ് ഉത്തരവാദി എന്ന സെക്രട്ടറിയുടെ മറുപടി ശരിയല്ലെന്നും എസ്റ്റിമേറ്റിലുണ്ടായ അപകാതയുടെ പേരിൽ ഇതിനെക്കുറിച്ച് അറിയാൻ പാടില്ലാത്ത വ്യക്തിയെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയല്ലെന്നും, ഇതുമായി നേരിട്ട് ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനാണ് ഇതിന്റെ ബാദ്ധ്യത ഏറ്റെടുക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

56. പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നും തുടർ നടപടി സ്വീകരിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എ.ഡി.പിമാർ. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ കൃത്യമായി തുടർ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

57. കൺവീനർക്ക് നോട്ടീസ് നല്കി അനന്തര നടപടികൾ സ്വീകരിക്കണമെന്നുള്ള സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും, സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചക്കെതിരെ പഞ്ചായത്ത് ഡയറക്ടർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

58. പ്രവൃത്തിയുടെ നേരിട്ടുള്ള ഉത്തരവാദിത്വം കൺവീനർക്കായതിനാൽ കൺവീനർക്ക് നോട്ടീസ് കൊടുത്തുകൊണ്ട് തുക തിരിച്ചു പിടി ക്കണമെന്നും ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കൃഷി-സമഗ്ര കേര സംരക്ഷണ പദ്ധതി രോഗ/കീട നിയന്ത്രണം

പഞ്ചായത്തിലെ 325 ഹെക്ടർ സ്ഥലത്തുള്ള 60,000 തെങ്ങുകൾക്ക് വർഷത്തിൽ രണ്ടു പ്രാവശ്യം മരുന്നു തളിച്ചു കീടബാധ നിയന്ത്രണത്തിനുവേണ്ടി താഴെ പറയും പ്രകാരം പദ്ധതി വിഭാവനം ചെയ്തു.

| | | |
|---|---|---|
| പദ്ധതി വിഹിതം | .. | 1,56,688 |
| പഞ്ചായത്ത് തനതു ഫണ്ട് | .. | 4,672 |
| ഗുണഭോക്തൃ വിഹിതം | .. | 3,60,000 |
| ആകെ രൂപ | | 5,21,360 |

പദ്ധതി നടത്തിപ്പിനായി വാർഡു തലത്തിൽ 4 പേർ വീതം 32 പേരടങ്ങുന്ന ഒരു കേര സംരക്ഷണ സമിതി രൂപീകരിച്ചു. ഇവർക്കു കൃഷി ഭവൻ മുഖാന്തിരം ആവശ്യമായ പരിശീലനങ്ങൾ നൽകി മരുന്നു തളിക്ക് തെങ്ങൊന്നിനു ഗുണഭോക്താവിൽ നിന്നും 6 രൂപ ശേഖരിക്കുകയും ഇതിൽ 4 രൂപ സംരക്ഷണ സേനയ്ക്കും 2 രൂപ വാർഡു തലത്തിൽ ചെയർമാനായ ജനകീയ കമ്മിറ്റിയും ആണ് നൽകേണ്ടത്. പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| റോക്കർ സ്പെയർവില 16 എണ്ണം 2500 രൂപ നിരക്കിൽ | .. | 40,000 |
| തെങ്ങുകയറ്റയന്ത്രം 16 എണ്ണം 1000 രൂപ നിരക്കിൽ | .. | 16,000 |
| ബക്കറ്റ്, മഗ്ഗ് | .. | 3,360 |
| പരിശീലനം 32 പേർക്ക് 3 ദിനം വീതം 75 രൂപ നിരക്കിൽ | .. | 7,200 |
| തുരിശ് 60,000 തെങ്ങിന്. 015 കിലോ വീതം 70 രൂപ നിരക്കിൽ | .. | 63,000 |
| നീറ്റുകക്ക 60,000 തെങ്ങിന്, 015 കിലോ വീതം 2 രൂപ ക്രമം | .. | 1,800 |
| ബെൻസികോൾ 60,000 തെങ്ങിന് | .. | 1,61,360 |
| ഗുണഭോക്തൃ വിഹിതം 60,000 X 6 | .. | 3,60,000 |
| ആകെ രൂപ | .. | 5,21,360 |

ഗുണഭോക്തൃ വിഹിതത്തിൽ നിന്നും വാർഡു ജനകീയ സമിതിക്ക് ലഭിക്കുന്ന രണ്ടു രൂപാ. വിഹിതം സമാഹരിച്ചു വരും വർഷങ്ങളിൽ ഉണ്ടാകുന്ന ചെലവുകൾക്കു ഉപയോഗിക്കാമെന്നാണ് പ്രോജക്ടിൽ പറയുന്നത്. എന്നാൽ ഈ ഇനത്തിൽ ലഭിച്ച തുകയുടെ കണക്ക് ലഭ്യമല്ല. നടപ്പിലാക്കിയ പദ്ധതിയുടെ ആകെ 1,29,158 രൂപ ചെലവുണ്ടായി.

തുരിശ്, കുമ്മായം, ലിൻസെൻ എന്നിവ തുല്യമായി കൺവീനർമാർക്കു പെർമിറ്റ് വഴി നൽകുകയും ബാക്കി സാമഗ്രികൾ തുല്യമായി നൽകുയും ചെയ്തു. പദ്ധതി നടത്തിപ്പിന്റെ തുടർന്നുള്ള വിവരങ്ങൾ ഒന്നും തന്നെ ആഡിറ്റിനു നൽകിയിട്ടില്ല.

സ്പ്രെയിംഗ് നടത്തുമ്പോൾ ഒരു തെങ്ങിന് 6 രൂപാ ക്രമത്തിൽ വാങ്ങുകയും ഇതിൽ രണ്ടു രൂപാ വാർഡു സമിതിയ്ക്കും 4 രൂപാ സ്പ്രേയിംഗ് നടത്തുന്ന ആളിനുള്ള വിഹിതവുമാണ് ഇപ്രകാരം ഓരോ വാർഡിനും ലഭിച്ച ഏകദേശം 15,000 രൂപയുടെ (7500 X 2) നിക്ഷേപത്തെ സംബന്ധിച്ച വിവരം (പാസ് ബുക്ക്) ലഭ്യമാക്കിയിട്ടില്ല. 5-5-1998-ൽ ആണ് കീടനാശിനികൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ലഭ്യമായത്. 30-6-1998-വരെ സ്പ്രേയിംഗ് പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല.

ആയതിനാൽ കാലവർഷത്തിനു മുമ്പ് ഇത് ഉപയോഗിച്ചോ എന്നതു വ്യക്തമല്ല. കീടനാശിനിയുടെ ലഭ്യത, ഉപയോഗം ഇവ കാണിക്കുന്ന വാർഡുതല സ്റ്റോക്കു രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പദ്ധതി വിഹിതം ഉപയോഗിച്ചു സാധനങ്ങൾ വാങ്ങുകയും എന്നാൽ പദ്ധതിയുടെ പ്രധാന പ്രവർത്തനമായ മരുന്നുതളി നടത്താതിരുന്നതിന്റേയും അടിസ്ഥാനത്തിൽ പദ്ധതിയും, ചെലവഴിച്ച 1,29,258 രൂപയും അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV 13 (B)]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

59. "പരാമർശ ഭാഗം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകി. നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയതിനനുസരിച്ച് ലോക്കൽ വെരിഫിക്കേഷൻ നടത്തി പരാമർശം ഒഴിവാക്കി."

## നിഗമനങ്ങൾ/ശുപാർശകൾ

60. <u>ലോക്കൽ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സം നീക്കിയത് സമിതി അംഗീകരിക്കുന്നു.</u>

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>ആരോഗ്യം ജനങ്ങളിലേയ്ക്ക്—വാഹനം വാങ്ങിയതു പാഴ്ചെലവ്</u>

പഞ്ചായത്തിന്റെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, പകർച്ച വ്യാധികളെപ്പറ്റി മുന്നറിയിപ്പ് നൽകുക അത്യാസന്ന നിലയിലുള്ള രോഗികളെ റഫറൽ ആശുപത്രിയിൽ എത്തിയ്ക്കുക എന്നീ ആവശ്യങ്ങൾക്കായി ഒരു വാഹനം വാങ്ങാൻ താഴെ പറയും പ്രകാരം പദ്ധതി വിഭാവനം ചെയ്തു.

| | | |
|---|---|---|
| പഞ്ചായത്തു വിഹിതം | .. | 1,75,000 |
| സന്നദ്ധ സംഭാവന | .. | 75,000 |
| ആകെ തുക | .. | 2,50,000 രൂപ |

ആയതിലേയ്ക്ക് 2,38,609 രൂപയ്ക്ക് ഒരു മാരുതി വാൻ വാങ്ങുകയുണ്ടായി. ആംബുലൻസിന്റെ വില നൽകുന്നതിനു 30-6-1998-ലെ 235817 നമ്പർ ചെക്കു പ്രകാരം 2-7-1998-ൽ സബ്ട്രഷറിയിൽ നിന്നും 2,38,609 രൂപ മെഡിക്കൽ ഓഫീസർ പിൻവലിച്ചിട്ടുണ്ട്. 29-7-1998-ൽ ഓതറൈസേഷൻ നൽകിയ ഒരു ചെലവിനു വേണ്ടി 30-6-1998-ൽ ചെക്കെഴുതി പണം മുൻകൂറായി പിൻവലിക്കുകയും തുടർന്ന് 2-7-1998-ൽ ഹരിപ്പാട് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുകയും ചെയ്ത നടപടി നിയമപരമല്ല. എന്നാൽ വാഹനം എന്ന് എടുത്തു എന്നു വ്യക്തമല്ല.

ഈ വാഹനം 28-9-1998 മുതൽ 27-9-1999 വരെയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. പദ്ധതി വിഹിതത്തിനു പുറമേ 75,000 രൂപ സന്നദ്ധ സംഭാവനയായി പദ്ധതി വിഭാവനം ചെയ്തിരുന്നെങ്കിലും സംഭാവനയായി യാതൊന്നും ലഭ്യമായിട്ടില്ല. ഇത്തരം ഒരു വാഹനം വാങ്ങുന്നതു സംബന്ധിച്ച തീരുമാനം ഗ്രാമ സഭകളിലോ പഞ്ചായത്തിന്റെ വികസന പ്രവർത്തന സമിതികളിലോ ഒരു ആവശ്യമായി ഉന്നയിച്ചതായി കാണുന്നില്ല.

വാഹനത്തിനു നാളിതുവരെ ഒരു ഡ്രൈവറെ നിയോഗിച്ചിട്ടില്ല. വാഹനത്തിന്റെ മൈലേജ് സർട്ടിഫിക്കറ്റ്, ലോഗ് ബുക്ക് ഫ്യൂവൽ അക്കൗണ്ട്, സ്റ്റോക്ക് രജിസ്റ്റർ മുതലായവ ആഡിറ്റിനു ഹാജരാക്കിയിട്ടില്ല. വാഹനം ഇതുവരെ ഓടിയിട്ടില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നത്. ആംബുലൻസിന് ചെലവായ 2,38,609 രൂപയിൽ കൊതുകു നിവാരണ പദ്ധതിക്കായി അനുവദിച്ച തുകയിൽ നിന്നും വക മാറ്റി ചെലവഴിച്ച 63,609 രൂപയ്ക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇപ്പോൾ വാഹനം ആരുടെ കൈവശമാണെന്നു കാണിക്കുന്ന രേഖകളൊന്നും തന്നെ ആഡിറ്റിനു ഹാജരാക്കിയിട്ടില്ല.

വാഹനം നാളിതുവരെ ഉപയോഗപ്പെടുത്താത്തതിനാൽ ഇതിനായി മുടക്കിയ പണം ഉപയോഗപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ത്തിലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV. 13 (സി)]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

61. "ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ആഫീസർക്കു നൽകി. 26-8-2000-ന് മെഡിക്കൽ ആഫീസർ നൽകിയ മറുപടിയും പഞ്ചായത്തിന്റെ അഭിപ്രായവും ചേർത്ത് ലോക്കൽ ഫണ്ട് ഓഫീസിൽ നൽകി. ഇപ്പോൾ വാഹനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഒരാളിന് ഡ്രൈവറായി ജോലി ലഭിക്കുകയും ടി അക്കൗണ്ടിൽ ഇപ്പോൾ മിച്ചം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്."

62. പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആവശ്യത്തിനായി വാങ്ങിയവാഹനം സംബന്ധിച്ച് സമിതി വിശദീകരണം ചോദിക്കുകയുണ്ടായി. പ്രസ്തുത വാഹനം പ്രവർത്തിക്കുന്നുണ്ടെന്നും കരാർ വ്യവസ്ഥയിൽ 1500 രൂപ ശമ്പളം കൊടുത്ത് ഡ്രൈവറെ നിയമിച്ചിരിക്കുകയാണെന്നും ഡ്രൈവറെ നിയമിക്കാത്തതിനാൽ മൂന്നുവർഷം വാഹനം ഓടാതെ കിടന്നുവെന്നും 10 കി.മീ. വരെ 200 രൂപാ നിരക്കിൽ വാഹനം വാടകയ്ക്ക് നൽകുന്നുണ്ടെന്നും ഇപ്പോൾ 23450 രൂപ ഈ ഇനത്തിൽ മിച്ചമുണ്ടെന്നും ഇതിന് ഡി. പി.സി.യുടെ അംഗീകാരം കിട്ടിയിട്ടുണ്ടെന്നു സെക്രട്ടറി സമിതിയെ അറിയിച്ചു.

63. പ്ലാനിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി ഇതിന് സാധൂകരണം വാങ്ങണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി. പണമിടപാടുകൾ സെക്രട്ടറിയുടെ പേരിലാണ് നടത്തുന്നതെന്നും പഞ്ചായത്ത് വൈസ്പ്രസിഡന്റ് കൺവീനറായി ഒരു സബ്കമ്മിറ്റി യുണ്ടാക്കി അതിന്റെ നേതൃത്വത്തിൽ സെക്രട്ടറിയാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നും നിലവിലുള്ള സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

64. പണം മുടക്കിയിട്ട് മൂന്നുകൊല്ലം വാഹനം ഉപയോഗിക്കാതിരുന്നതിന്റെ കാരണം സമിതി ആരായുകയുണ്ടായി.

65. ആരോഗ്യം ജനങ്ങളിലേയ്ക്ക് എന്ന പദ്ധതിക്കാവശ്യമായ ഡി.പി.സി. അംഗീകാരത്തിന് 14-1-2005-ൽ ആലപ്പുഴ ഡി.പി.സിയ്ക്ക് കത്തു നൽകിയിരുന്നുവെന്നും എന്നാൽ ഈ പദ്ധതി 1997-98-ൽ നടപ്പിലാക്കിയതു കാരണം ഇത്രയും കാലപ്പഴക്കം (ഉദ്ദേശം 6 വർഷം) വന്നതുകൊണ്ട് തീരുമാനമെടുക്കാൻ ബുദ്ധിമുട്ടാണെന്നും കാലതാമസത്തിനുള്ള കാരണം കാണിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടും ജില്ലാ ആസൂത്രണ സമിതി 25-1.-2005-ൽ ഗ്രാമ പഞ്ചായത്തിന് കത്തു നൽകി എന്നും കാലപ്പഴക്കം വന്നതിന്റെ കാരണം വിശദമാക്കിക്കൊണ്ട് ഡി.പി.സിയ്ക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്തു സെക്രട്ടറി അറിയിച്ചിട്ടുണ്ട്

## നിഗമനങ്ങൾ/ശുപാർശകൾ

66. <u>ഡി.പി.സി. ആവശ്യപ്പെട്ടിട്ടുള്ള വിശദീകരണം നൽകിയ സാഹചര്യത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.</u>

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>സോഡിയം വേപ്പർ ലാമ്പുകൾ</u>

82,000 രൂപ സംസ്ഥാന പദ്ധതി വിഹിതമായും 14,000 രൂപ സംഭാവനയായും മൊത്തം 96,000 രൂപയുടെ അടങ്കലിൽ പഞ്ചായത്തിന്റെ 8 വാർഡുകളിലെ പ്രധാന കവലകളിലായി 24 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കാൻ പദ്ധതി ഉണ്ടാക്കി. ലാമ്പുകൾ സ്ഥാപിക്കുന്ന സ്ഥലത്തിനു സമീപത്തുള്ള കച്ചവടക്കാർ, താമസക്കാർ, പാർക്കു ചെയ്യുന്ന വാഹന ഉടമകൾ എന്നിവരിൽ നിന്നു സംഭാവന സമാഹരിക്കാൻ ഡി. പി.സി. അംഗീകരിച്ച പദ്ധതി രേഖയിൽ പറയുന്നു. എന്നാൽ ഇതിനു പകരം 97 സി. എഫ്.എൽ (സ്ട്രീറ്റ് ലൈറ്റ്) ലാമ്പുകൾ വാങ്ങുകയാണ് ചെയ്തത്.

ഇപ്രകാരം ചെയ്തതിനു പദ്ധതി പരിഷ്ക്കരിക്കുകയോ നടപ്പാക്കിയ പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല. ക്വട്ടേഷനോ ടെണ്ടറോ വിളിക്കാതെയാണ് സാധനങ്ങൾ വാങ്ങൽ നടത്തിയത്. ഫയലിൽ 950 രൂപ 848 രൂപ എന്നീ നിരക്കുകളിലുള്ള 2 വിതരണക്കാരുടെ ക്വട്ടേഷനുകൾ കാണുന്നു. ഇതിൽ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിൽ നിന്നും 97 ലാമ്പുകൾ വാങ്ങിയതിൽ 30-6-1998-ൽ 82,256 രൂപ ചെക്കു നമ്പർ 745744 പ്രകാരം നൽകി. സംഭാവന വിഹിതമായ 14,000 രൂപയിൽ ഒന്നും തന്നെ സമാഹരിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ സാങ്കേതിക ഗുണനിലവാരം അംഗീകൃത സാങ്കേതിക വിദഗ്ദ്ധരെ കൊണ്ടു പരിശോധിപ്പിച്ചു സർട്ടിഫൈ ചെയ്യിച്ചിട്ടില്ല. ലാമ്പുകൾ ഇപ്പോഴും ഉപയോഗിക്കാതെ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ചെലവാക്കിയ 82,256 രൂപയുടെ വിനിയോഗം തന്നെ പരിശോധിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ത്തിലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV 13 (ഡി)]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

67. "19-2-2000 -ൽ ആഡിറ്റ് റിപ്പോർട്ടു ലഭിച്ചു. 18-6-2002-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് റിപ്പോർട്ടിന്റെ പ്രസക്തഭാഗം അയച്ചു കൊടുത്തു. മറുപടി തന്നില്ല. 19-7-2003-ൽ രജി. തപാലിൽ ഓർമ്മപ്പെടുത്താൻ കത്തു നൽകി. മറുപടി നൽകിയില്ല. 28-2-2002-ൽ ടിയാൻ സർവീസിൽ നിന്നും വിരമിച്ചു. ടിയാന് പഞ്ചായത്തിൽ നിന്ന് എൻ.എൽ.സി./എൽ.സി.യോ നൽകിയിട്ടില്ല."

68. സോഡിയം വേപ്പർലാമ്പുകൾക്കു പകരം സി.എഫ്.എൽ. ലാമ്പുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം തേടുകയും ഡി.പി.സി.യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത ഒരു പദ്ധതിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കിയതിന്റെ സാംഗത്യം സമിതി ആരായുകയും ചെയ്തു.

69. പദ്ധതിയ്ക്ക് ഡി.പി.സി.യുടെ അംഗീകാരമില്ലെന്നും സോഡിയം വേപ്പർ ലാമ്പുകൾ കത്താതിരുന്നതുകൊണ്ട് പകരം സി.എഫ്.എൽ ലാമ്പുകൾ ഉപയോഗിച്ചതാണെന്നും സോഡിയം വേപ്പർ ലാമ്പിനാണ് അംഗീകാരം വാങ്ങിയതെന്നും അതു മാറ്റി സി.എഫ്.എൽ. വാങ്ങിയതിന് ഫയലിൽ അംഗീകാരം കിട്ടിയിട്ടില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് തെളിവ് നൽകുകയുണ്ടായി.

70. സർചാർജ്ജ് നോട്ടീസ് അയച്ചുവെങ്കിലും പഞ്ചായത്ത് സെക്രട്ടറിയുടെ തൃപ്തികരമായ മറുപടിയുടെ അടിസ്ഥാനത്തിൽ നടപടി ഒഴിവാക്കിയതായി ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### നിഗമനങ്ങൾ/ശുപാർശകൾ

71. പരാമർശം ഒഴിവാക്കിയ ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു

ഓഡിറ്റ് ഖണ്ഡിക

ചിപ്സ് (ഉപ്പേരി) നിർമ്മാണ യൂണിറ്റ്

72. സംസ്ഥാന പദ്ധതി വിഹിതമായി 35,000 രൂപയും, ഗുണഭോക്തൃ വിഹിതമായി 10,000 രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ്പയായി 50,000 രൂപയും ഉൾപ്പെടെ 95,000 രൂപയുടെ അടങ്കൽ തുകയുള്ള ഒരു ചിപ്സ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് തീരുമാനിച്ചു. വനിതകൾക്ക് മുൻഗണന നൽകിക്കൊള്ള ഒരു പദ്ധതിയായിരുന്നു ഇത്. ഒരു വനിതാ കൺവീനറും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനുമായി ഉള്ള ഗുണഭോക്തൃ സമിതിയുടെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് 343872-ാം നമ്പർ ചെക്കു പ്രകാരം പദ്ധതി വിഹിതമായി 35,000 രൂപ നിക്ഷേപിച്ചു. പദ്ധതി നടത്തിപ്പിനായി എ 424/1998 നമ്പരായി ഒരു സംഘം രജിസ്റ്റർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഒഴികെ ഇതിനെ സംബന്ധിച്ച യാതൊരു രേഖയും ആഡിറ്റിനു ഹാജരാക്കിയിട്ടില്ല. പ്രത്യേകിച്ചു ജോയിന്റ് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല. 30-6-1998-നകം ചെലവുകൾ എന്തെങ്കിലും നടത്തിയതായുള്ള വൗച്ചറുകളും ലഭ്യമാക്കിയിട്ടില്ല. പാസ്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങളും അക്കൗണ്ടിൽ നിന്നും തുകകൾ പിൻവലിച്ചിട്ടുണ്ടോയെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

30-6-1998-ൽ തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വർഷാന്ത്യ കണക്കിൽ 37,500 രൂപാ ചെലവഴിച്ചു, പദ്ധതി പൂർത്തീകരിച്ചതായി കണക്കാക്കിയിരിക്കുന്നു. എന്നാൽ തുക ഒരു അക്കൗണ്ടിലേയ്ക്ക് മാറ്റുക മാത്രം ചെയ്തു പദ്ധതി പൂർത്തിയാക്കിയതായി കാണിച്ചതിനാൽ ഈ ചെലവ് അംഗീകൃതമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ത്തിലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 13 (ഇ)]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

72. "19-2-2000-ൽ ആഡിറ്റ് റിപ്പോർട്ട് ലഭിച്ചു. 18-6-2000-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി എസ്. പുഷ്ക്കരന് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചിട്ട് മറുപടി തന്നില്ല. 19-7-2003-ൽ രജി. തപാലിൽ ഓർമ്മിപ്പിക്കൽ കത്ത് നൽകി. മറുപടി ലഭിച്ചിട്ടില്ല. 28-3-2002-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചു. ടിയാന് പഞ്ചായത്തിൽ നിന്ന് എൻ.എൽ.സി/ എൽ.സി. നൽകിയിട്ടില്ല."

73. സെക്രട്ടറിയാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനെന്നും ഇപ്പോൾ വാടക കെട്ടിടത്തിൽ സ്വന്തമായി ഷെഡ്ഡുണ്ടാക്കിയാണ് യൂണിറ്റ് പ്രവർത്തിക്കുന്നതെന്നും സ്ത്രീകൾ ഗ്രൂപ്പായി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് നടത്തുന്നതാണ് പ്രസ്തുത സ്ഥാപനമെന്നും സെക്രട്ടറി സമിതിയ്ക്ക് വിശദീകരണം നൽകി.

74. പ്രസ്തുത യൂണിറ്റ് സംബന്ധിച്ച് വിശദമായ കത്തുകളും രേഖകളും ആവശ്യപ്പെട്ടുകൊണ്ട്, കമ്മിറ്റിയുടെ കൺവീനർക്ക് കത്ത് നൽകിയെങ്കിലും അവർ കത്തിന് മറുപടി നൽകിയിട്ടില്ലായെന്നും കാര്യക്ഷമമല്ലെങ്കിലും യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ടെന്നും, യൂണിറ്റിന്റെ ചെയർമാന്റേയും കൺവീനറുടേയും പേരിൽ ഹരിപ്പാട് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള സംയുക്ത അക്കൗണ്ടിൽ 18,000 രൂപ മിച്ചമുണ്ടെന്നും സെക്രട്ടറി അറിയിച്ചതായി 15-2-2005-ലെ എൽ.എഫ് 25594/സ്പെ.സെൽ (ജി1)/2005 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

## നിഗമനങ്ങൾ/ശുപാർശകൾ

75. ഉപ്പേരി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ട് കൺവീനർക്ക് കത്ത് നല്കിയിട്ടും മറുപടി നല്കാത്ത സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫോട്ടോ കോപ്പിയർ

പഞ്ചായത്ത് ഡയറക്ടറുടെ 1-6-1998-ലെ 10053/96-ാം നമ്പർ കത്തുപ്രകാരം ഫോട്ടോ കോപ്പിയറിന്റെ വിലയായി ഒരു ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് 15-6-1998-ൽ നൽകി. ഡ്രാഫ്റ്റ് 24-6.-1998-ൽ കൈപ്പറ്റിയതായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കൈപ്പറ്റു രസീതു ലഭ്യമായിട്ടുണ്ട്

എന്നാൽ നാളിതുവരെ ഫോട്ടോ കോപ്പിയറോ, അതിനുള്ള ഇൻവോയിസോ, ബില്ലോ ലഭ്യമായിട്ടില്ല. ഈ ചെലവിനത്തിനു ഡി.പി.സി.യുടെ അംഗീകാരം ലഭ്യമായിട്ടില്ല.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ത്തിലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV. 13(എഫ്)]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

76. "നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് റിപ്പോർട്ടിന്റെ പ്രസക്തഭാഗം അയച്ചു കൊടുത്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ബഹു: പഞ്ചായത്ത് ഡയറക്ടറുടെ 1-6-1998-ലെ 10053/96-ാം നമ്പർ

നിർദ്ദേശ പ്രകാരമാണ് തുക ചെലവു ചെയ്തത്. പ്രോജക്റ്റ് തയ്യാറാക്കി പ്ലാനിംഗ് ബ്രാഞ്ചിനു നൽകി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇപ്പോൾ ബഹു: പഞ്ചായത്ത് ഡയറക്ടർ ടി തുക പഞ്ചായത്തുകൾക്ക് തിരികെ തരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്"

77. ഫോട്ടോ കോപ്പിയർ വാങ്ങിയിട്ടില്ലെന്നും പണം തിരികെ നല്കാമെന്ന് അറിയിച്ചെങ്കിലും നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിയെ അറിയിച്ചു. പണം ടി.പി. അക്കൗണ്ടിൽ നിന്നും പിൻവലിക്കണമെന്നും അതിന് ധനകാര്യവകുപ്പിന്റെ അനുമതി ലഭിയ്ക്കണമെന്നും അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് പഞ്ചായത്തിന് പണം തിരികെ നല്കാമെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ സമിതിയ്ക്ക് ഉറപ്പു നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

78. ഫോട്ടോ കോപ്പിയർ വാങ്ങുന്നതിനായി പഞ്ചായത്തു ഫണ്ടിൽ നിന്നും അടച്ച ഒരു ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന്.സമിതി ശുപാർശ ചെയ്യുന്നു

## കുമാരപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

വനിതാ വ്യവസായ സഹകരണ സംഘം പ്രവർത്തന മൂലധനമായി നൽകിയ തുകയുടെ വിനിയോഗം

ഉൽപാദന മേഖലയിലേക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും 50,000 രൂപ വകകൊള്ളിച്ച് വനിതാ വ്യവസായ സഹകരണസംഘം എന്ന പ്രോജക്ട് തയ്യാറാക്കി. സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി 19/6-98-ാം നമ്പർ വൗച്ചർ പ്രകാരം 30,000 രൂപയും 26/6-98-ാം നമ്പർ വൗച്ചർ പ്രകാരം 20,000 രൂപയും പിൻവലിച്ച് നിർദ്ദിഷ്ട സംഘത്തിന്റെ പ്രോമോട്ടർക്ക് നൽകുകയുണ്ടായി.

ടി വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഉള്ള അക്കൗണ്ട് നമ്പർ 10362 പരിശോധിച്ചതിൽ 26-6-1998-ൽ 19/6-98ാം നമ്പർ വൗച്ചർ പ്രകാരം (123351-നമ്പർ ചെക്ക് നൽകിയ 30,000 രൂപ വരവുവച്ചതായി കാണുന്നില്ല. 26-6-1998-ൽ അക്കൗണ്ടിൽ 23600 രൂപ വരവുള്ളതായും അതു ഷെയർ ഇനത്തിലുള്ള വരവാണെന്നും സംഘം സെക്രട്ടറി വിവരിക്കുകയുണ്ടായി. 29-6-1998-ൽ 26/6-98-ാം നമ്പർ വൗച്ചർ പ്രകാരം (12337-ാം നമ്പർ ചെക്ക്) നൽകിയ 20,000 രൂപ 2-7-1998-ൽ വരവു വന്നിട്ടുണ്ട് ആയതിനാൽ 30,000 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.14(എ)]

ആഡിറ്റ് ഖണ്ഡികയ്ക്ക് കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

79. "കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ആഡിറ്റ് ഖണ്ഡിക 49.എ-ലെ പരാമർശം പഞ്ചായത്ത് വിശദമായി ചർച്ച ചെയ്തു. ഇതു സംബന്ധിച്ച് താഴെ പറയുന്ന തുടർനടപടികൾ സ്വീകരിച്ചിട്ടുള്ള വിവരം

റിപ്പോർട്ട് ചെയ്യുന്നു. സംഘത്തിന്റെ ബൈലോ പരിശോധിച്ചതിൽ സംഘത്തിന്റെ നിയമാവലി '5ജി' വകുപ്പിൽ ത്രിതലപഞ്ചായത്തുകളിൽ നിന്ന് ഗ്രാന്റ് സ്വീകരിക്കുന്നതിനും പഞ്ചായത്തിന് പരിശോധനാ അധികാരവും വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നു. 24-6-1998-ൽ നൽകിയ 30,000 രൂപാ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നതുപോലെ സംഘത്തിന്റേ രജിസ്ട്രേഷൻ, ആഫീസ് വാടക, ഫർണിച്ചർ, സ്റ്റേഷനറി തുടങ്ങിയ പ്രാരംഭ ചെലവുകൾക്ക് വിനിയോഗിച്ചിട്ടുള്ളതും ആയത് പഞ്ചായത്ത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ആഡിറ്റ് റിപ്പോർട്ടിലെ പരാമർശപ്രകാരം പ്രസ്തുത തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം സംഘം സെക്രട്ടറിയിൽ നിന്നും വാങ്ങിയിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച പഞ്ചായത്തിന്റെ അഭിപ്രായം 24-8-2004-ലെ VII(3)-ാം നമ്പർ തീരുമാനപ്രകാരം ആലപ്പുഴ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 10-9-2004-ൽ സമർപ്പിച്ചിട്ടുള്ളതുമാണ് എന്നുള്ള വിവരം അറിയിക്കുന്നു."

80. വനിതാ വ്യവസായ സഹകരണ സംഘത്തിന് പ്രവർത്തന മൂലധനമായി നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച ആഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം തേടുകയുണ്ടായി.

81. ഈ ആവശ്യത്തിലേക്ക് കൊടുത്ത ചെക്ക് ബാങ്ക് വഴിയല്ല ട്രാൻസ്ഫർ നടത്തിയത് എന്നു ആഡിറ്റ് പരാമർശമനുസരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെന്നും അന്നത്തെ സെക്രട്ടറി ക്രോസ് ചെയ്ത ചെക്കാണ് കൊടുത്തത് എന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

82. രണ്ടു ഘട്ടങ്ങളിലായിട്ടാണ് തുക ചെലവാക്കിയതെന്നും ആദ്യം 12,500 രൂപയും രണ്ടാമത് 17,500 രൂപയും എന്ന ക്രമത്തിലാണ് ക്യാഷ് ബുക്കിലും വൗച്ചറിലും രേഖപ്പെടുത്തിയിരിക്കുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

83. മേൽ സൂചിപ്പിച്ച സംഘവും ഓഫീസും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും തയ്യൽ പരിശീലനം, റെഡിമെയ്ഡിന്റെ നിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം എന്നിവ നടത്തുന്നുണ്ടെന്നും സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. പ്രസ്തുത സ്ഥാപനത്തിന്റ പ്രവർത്തനം സംബന്ധമായ നിജസ്ഥിതി നേരിട്ടുകണ്ട് ബോദ്ധ്യപ്പെടുവാൻ പ്രസ്തുത സംഘം സന്ദർശിക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടറെ തന്നെ സമിതി ചുമതലപ്പെടുത്തുകയും മുപ്പതിനായിരം രൂപയുടെ വിനിയോഗത്തെ സംബന്ധിച്ചുള്ള രേഖ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിക്കണമെന്നും, സ്പോട്ട് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഒരു പുന:പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി ആഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

84. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതും, പാസ്ബുക്കിൽ വരവ് വെച്ചിട്ടില്ലാത്തതുമായ 30,000 രൂപയുടെ ചെലവു വിവരങ്ങൾ ഒരു പത്രികയായി സമർപ്പിച്ചുവെന്നും ഇതുപ്രകാരം 17-6-1998-മുതൽ 9-7-1999 വരെയുള്ള കാലയളവിലായി തുക ചെലവഴിച്ചതായി കാണിച്ചിട്ടുണ്ടെന്നും എന്നാൽ ഈ ചെലവുകൾക്ക് ആധാരമായ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ലെന്നും. ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്നും ഇൻഡസ്ട്രീയൽ എക്സറ്റൻഷൻ ഓഫീസർ ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ച് കണക്കുകൾ ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും സംഘം കേരള സഹകരണ സംഘം

നിയമങ്ങൾ പ്രകാരം ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യപ്പെടുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ നിയമാവലി പ്രകാരം ഓരോ ഓഹരിയുടെയും വില 1000 രൂപ എന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്നും 1000 രൂപയുടെ ഓഹരി എടുത്താൽ മാത്രമേ അംഗത്വം ലഭിക്കൂ എന്നതിനാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളുടെ പങ്കാളിത്തത്തിന് സാധ്യത കുറവാണെന്ന് സംശയിക്കുന്നതായും നിയമാവലിയിലെ 37-ാം നിബന്ധനപ്രകാരം, പൊതുയോഗത്തിന്റെ അനുവാദത്തോടുകൂടി സംഘത്തെ കേരള സംസ്ഥാന സഹകരണ യൂണിയനുമായി ബന്ധിക്കുകയും ചട്ടങ്ങൾ അനുശാസിക്കുന്ന പടിയോ രജിസ്ട്രാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരമോ ഉള്ള ഫീസ് യൂണിയനിൽ അടയ്ക്കുകയും ചെയ്യേണ്ടതുണ്ടെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ സഹകരണസംഘം നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള കണക്ക് സൂക്ഷിപ്പും അതിന്മേൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ പരിശോധനകളും നടത്തപ്പെടുന്നില്ല.. സംഘത്തിന്റെ 31-3-2004-വരെയുള്ള ക്യാഷ് ബുക്ക് മാത്രമേ പരിശോധനാ തീയതിയിൽ എഴുതിയിരുന്നുള്ളുവെന്നും പഞ്ചായത്തിന്റെ 7-ാം വാർഡിലുള്ള 6 (ബി.സി) നമ്പർ കെട്ടിടത്തിലെ 3 മുറികൾ വാടകക്കെടുത്താണ് ഇപ്പോൾ സ്ഥാപനം പ്രവർത്തിക്കുന്നതെന്നും സംഘത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് മുറികളിൽ ഒന്നിൽ രണ്ടു കുട്ടികൾ തയ്യൽ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും വലിപ്പം കുറഞ്ഞ ഈ മുറിയിലെ മറ്റു മെഷീനുകൾ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ലെന്നും അടുത്ത മുറിയിൽ രണ്ടു കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, കൂടാതെ വില്പനക്കായി വച്ചിരുന്ന റെഡിമെയ്ഡ് വസ്ത്രങ്ങളും സൂക്ഷിച്ചിരുന്നു. സഹകരണ സംഘം നിയമങ്ങൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തുകയോ ആസ്തി ബാധ്യതകൾ വർഷംതോറും തിട്ടപ്പെടുത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്ന് അനുവദിച്ച ആനുകൂല്യങ്ങളും ആസ്തികളും യഥാവിധി സംരക്ഷിക്കപ്പെടുന്നുവോ എന്ന കാര്യം ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

85. സംഘത്തിന് ലഭിച്ച ആസ്തികൾ പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത തിന് കാരണമായി സംഘം പ്രസിഡന്റും സെക്രട്ടറിയും നൽകിയ വിശദീകരണത്തിൽ മുൻപ് പ്രവർത്തിച്ചിരുന്ന വിസ്തൃതമായ കെട്ടിടം അപ്രതീക്ഷിതമായി ഒഴിഞ്ഞു കൊടുക്കേണ്ടി വന്നതിനാലാണെന്നും, പുതിയ കെട്ടിടത്തിൽ കൂടുതൽ മുറികൾ ലഭ്യമാക്കുന്നതോടെ പ്രവർത്തനം വിപുലീകരിക്കുവാൻ കഴിയുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

86. സംഘം നിയമാവലിയിലെ 37-ാം നിബന്ധന അനുശാസിക്കുന്ന പ്രകാര മുള്ള ഫീസ് യൂണിയനിൽ അടയ്ക്കുന്നതിനും സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള കണക്ക് സൂക്ഷിപ്പും അതിന്മേൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള പരിശോധനയും കൃത്യമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

87. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ പരിശോധനാ തീയതിയിലെ നീക്കിയിരുപ്പിന്റെ വിവരം ശേഖരിക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്യാഷ്ബുക്ക് എഴുതുന്നതിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ചേര്‍ത്തല തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

സി.എഫ്. ലാമ്പ് വിതരണം -അപാകതകള്‍

500 പേര്‍ക്കു സി.എഫ് ലാമ്പുകള്‍ വിതരണം ചെയ്യുന്നതിന് 50,000 രൂപ പദ്ധതി വിഹിതമായും 87,500 രൂപ ഗുണഭോക്തൃവിഹിതമായും ആകെ 1,37,500 രൂപയുടെ അടങ്കല്‍ പദ്ധതിയാണു വിഭാവനം ചെയ്തത്. എന്നാല്‍ 10-6-1998-ലെ കമ്മിറ്റി തീരുമാനം 4 പ്രകാരം പദ്ധതി വിഹിതം 57,000 = (114 X 500) രൂപയായി കുറവു ചെയ്തിട്ട് ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി ഗുണഭോക്തൃ വിഹിതം ഉള്‍പ്പെടെ 1,07,000 രൂപ 6/98-ല്‍ ചെലവായി. പദ്ധതി നടത്തിപ്പില്‍ താഴെ പറയുന്ന അപാകതകള്‍ കാണുന്നു.

സി.എഫ്.ലാമ്പുകള്‍ വാങ്ങുന്നതിന് പര്‍ച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചതിന്റെയും ആവശ്യമായ സാങ്കേതിക ഉപദേശം നേടിയതിന്റെയും ക്വട്ടേഷന്‍/ടെണ്ടര്‍ എന്നിവ വിളിച്ചതിന്റെയും രേഖകളൊന്നും ആഡിറ്റിന് ലഭ്യമാക്കിയില്ല. പഞ്ചായത്തു കമ്മിറ്റിയുടെ 6-4-1998-ലെ 4-ാം നമ്പര്‍ തീരുമാനപ്രകാരം ലാമ്പുകള്‍ നേരിട്ടു വാങ്ങുകയായിരുന്നു. സാധനങ്ങളുടെ സാമ്പിളുകള്‍ പരിശോധിച്ചതായോ വിതരണക്കാരുമായി ആവശ്യമായ എഗ്രിമെന്റില്‍ ഏര്‍പ്പെട്ടിരുന്നതായോ കാണുന്നില്ല. വാങ്ങിയ സാധനങ്ങള്‍ സ്റ്റോക്കില്‍ എടുത്തു വിതരണം നടത്തിയതിന്റെ രേഖ കാണിക്കുന്ന സ്റ്റോക്കു രജിസ്റ്റര്‍ ആഡിറ്റിനു നല്‍കിയിട്ടില്ല. അതുപോലെ തന്നെ ഉപഭോക്താക്കളുടെ കൈപ്പറ്റു രസീതും ലഭ്യമല്ല.

ചുരുക്കത്തില്‍ ഈ ആവശ്യത്തിനായി 6/98-ല്‍ ചെലവു രേഖപ്പെടുത്തിയിരിക്കുന്ന 1,07,000 രൂപയുടെ വിനിയോഗം സ്പഷ്ടമല്ല.

[ലോക്കല്‍ഫണ്ട് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോര്‍ട്ട് ഖണ്ഡിക IV.15]

ആഡിറ്റ് ഖണ്ഡികയ്ക്ക് ചേര്‍ത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്‍കിയ മറുപടി:—

88. ബന്ധപ്പെട്ട നിര്‍വ്വഹണ ഉദ്യോഗസ്ഥനായ മുന്‍ സെക്രട്ടറി ആര്‍. ബാലകൃഷ്ണനെ 5-10-04-ല്‍ രേഖാമൂലം അറിയിച്ചു. 30-10-2004-ല്‍ ലഭിച്ച മറുപടി 20-11-2004-ലെ പഞ്ചായത്തു യോഗത്തില്‍ സമര്‍പ്പിച്ച് തീരുമാനമെടുത്തു. ആയതുപ്രകാരം തടസ്സവാദം ഒഴിവാക്കുന്നതിനായി തീരുമാനത്തിന്റെ പകര്‍പ്പും രേഖകളും ആലപ്പുഴ ലോക്കല്‍ഫണ്ട് ഡെപ്യൂട്ടി ഡയറക്ടര്‍ അവര്‍കള്‍ക്ക് 23-12-2004-ല്‍ അയച്ചു കൊടുത്തിട്ടുള്ളതുമാകുന്നു.

89. 8-9-2004-ലെ ആലപ്പുഴ ലോക്കല്‍ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടര്‍ അവര്‍കള്‍ നല്‍കിയ കത്തിന്റെ വെളിച്ചത്തില്‍ 1997-98 വര്‍ഷത്തെ ആഡിറ്റ് ഖണ്ഡിക 15(2)-ലെ പരാമര്‍ശത്തിന്മേല്‍ മറുപടി സമര്‍പ്പിക്കുന്നതിന് ഈ ആഫീസില്‍ നിന്നും 5-10-2004-ല്‍ A1/591/04 നമ്പര്‍ കത്തു നല്‍കിയതു പ്രകാരം പദ്ധതി നിര്‍വ്വഹണം നടത്തിയ മുന്‍ സെക്രട്ടറി ശ്രീ. ആര്‍. ബാലകൃഷ്ണന്‍ 30-10-2004-ല്‍ സമര്‍പ്പിച്ച മറുപടി കമ്മിറ്റിയില്‍ വായിച്ചു ചര്‍ച്ച ചെയ്തു.

90. ചേര്‍ത്തല തെക്ക് ഗ്രാമപഞ്ചായത്തില്‍ 1997-98 ജനകീയാസൂത്രണ പദ്ധതിയില്‍ ഉള്‍പ്പെടുത്തി അംഗീകാരം ലഭിച്ച് നടപ്പാക്കാന്‍ നിശ്ചയിച്ചിട്ടുള്ള 500 സി.എഫ്. ലാമ്പ് വാങ്ങി വിതരണം നടത്തുന്ന 137500 രൂപ അടങ്കല്‍ തുക വരുന്ന പദ്ധതി,

കമ്മിറ്റി തീരുമാനപ്രകാരം നിയമാനുസരണമായിട്ടാണ് നടപ്പാക്കിയിട്ടുള്ളത്.മാർഗ്ഗ നിർദ്ദേശങ്ങളുടെയും പരിശീലന പരിപാടിയിൽ ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കാതെ കഞ്ഞിക്കുഴി ബ്ലോക്കു പഞ്ചായത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കി യിട്ടുള്ളത്. വനിതകൾ നടത്തുന്നതും SSI രജിസ്ട്രേഷൻ ഉള്ളതുമായ ചെറുകിട വ്യവസായ സംരംഭമായ റൂബി ഇലക്ട്രോണിക്സിനെ നിരതദ്രവ്യം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നതിനാൽ സെക്യൂരിറ്റി തുക വാങ്ങാതെ പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സാമ്പിളുകൾ മോഡൽ എൻജിനീയറിംഗ് കോളേജ് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും പഞ്ചായത്ത് കമ്മിറ്റി പരിശോധന നടത്തി പൊതു അഭിപ്രായം മാനിച്ചുമാണ് സപ്ലേ ഓർഡർ നൽകിയിട്ടുള്ളത്. ഇത് യഥാസമയം സ്റ്റോക്കിൽ രേഖപ്പെടുത്തുകയും ബുക്കിൽ തന്നെ കൈപ്പറ്റ് രസീത് സ്വീകരിച്ച് സപ്ലൈ ചെയ്തിട്ടുള്ളതുമാണ്. ഈ പദ്ധതി ഭംഗിയായി നടപ്പാക്കിയിട്ടുള്ളതിനാൽ പൊതുജനങ്ങളിൽ നിന്നും യാതൊരുവിധ പരാതിയും ലഭിച്ചിട്ടില്ല. ഇതുമൂലം പഞ്ചായത്തിന് യാതൊരുവിധ ധനനഷ്ടവും ഉണ്ടായിട്ടില്ല.

91. ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യവർഷത്തിൽ വ്യക്തമായ ഉത്തര വുകളും മാർഗ്ഗനിർദ്ദേശങ്ങളും യഥാസമയം ലഭിക്കാതിരുന്നതും പദ്ധതി നടത്തിപ്പിൽ പോരായ്മകൾ ഉണ്ടാകാൻ ഇടവരുത്തിയിട്ടുണ്ട്. ആയതിനാൽ ടി തടസ്സ വാദത്തിൽ നിന്നും ഒഴിവാക്കിതരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം ആലപ്പുഴ ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർ അവർകളോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു."

92. ക്വട്ടേഷനോ ടെണ്ടറോ ക്ഷണിക്കാതെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിനെ മാതൃകയാക്കി ലാമ്പ് വാങ്ങിയതിന്റെ കാരണം സമിതി ആരായുകയുണ്ടായി.

93. ബ്ലോക്ക് ലെവലിൽ ബ്ലോക്കിന്റെ പരിധിയിൽവരുന്ന 5 പഞ്ചായത്തു കൾക്കു മാത്രമായി ഒരു ക്വട്ടേഷൻ വിളിച്ച് സി.എഫ്.ലാമ്പ് വാങ്ങാമെന്ന ഒരു നിർദ്ദേശം പരിശീലനവേളയിൽ നൽകിയിരുന്നുവെന്നും കൊച്ചിയിലെ മെരിഡാൻ എന്ന വനിതാ വ്യവസായ യൂണിറ്റിൽ നിന്നാണ് ഇത് വാങ്ങിയതെന്നും ബ്ലോക്ക് അതിർത്തിയിൽപ്പെട്ട പഞ്ചായത്തായതുകൊണ്ട് ബ്ലോക്ക് വിളിച്ച ക്വട്ടേഷൻ സ്വീകരിക്കാൻ പരിശീലന പരിപാടിയിൽ പറഞ്ഞതനുസരിച്ച് പഞ്ചായത്തും പ്രസ്തുത സ്ഥാപനവുമായി എഗ്രിമെന്റ് വച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും ആ പഞ്ചായത്തിൽ നിന്ന് സ്ഥലം മാറി പോയ വർഷമാണ് ആഡിറ്റ് നടത്തിയതെന്നും സെക്രട്ടറി സമിതിക്ക് തെളിവ് നൽകുകയുണ്ടായി.

94 . ആദ്യത്തെ വർഷം ആഡിറ്റ് നടത്തുന്ന സമയത്ത് ഈ പ്രോജക്ടും വൗച്ചറും പ്രത്യേകം പ്രത്യേകമായിട്ടാണ് ഫയൽ ചെയ്തിരുന്നതെന്നും ഇപ്പോൾ ഒന്നിച്ചാണ് ഫയൽ ചെയ്യുന്നതെന്നും ആദ്യത്തെ അഡ്വാൻസ് ബിൽ കൊടുക്കുന്ന സമയത്ത് അതിൽ എഗ്രിമെന്റ് പത്രം ഉണ്ടായിരുന്നുവെന്നും എന്നാൽ ഫൈനൽ ബിൽ കൊടുത്ത സമയത്ത് പരാമർശത്തിൽ എഗ്രിമെന്റ് വച്ചിട്ടില്ല എന്നു പറഞ്ഞിരുന്നെന്നും അദ്ദേഹം സമിതിക്ക് തെളിവ് നൽകി.

95. രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിലും സി.എഫ്. ലാമ്പിന്റെ വില 214 രൂപ തന്നെയാണെന്നും സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

96. 23-5-1998 മുതൽ 30-6-1998 വരെയുള്ള കാലയളവിലായി 500 ഗുണഭോക്താക്കളിൽ നിന്ന് 114 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ടെന്നും ടി ഗുണഭോക്താക്കൾ സി.എഫ്. ലാമ്പ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു വെന്നും ആയതിനാൽ തടസ്സം ഒഴിവാക്കുന്നകാര്യം പരിഗണിക്കാവുന്നതാണെന്നും 9-2-2005-ലെ എൽ.എഫ്. 25594/ സ്പെ.സെൽ(ജി1)2004 കത്തുപ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

### നിഗമനങ്ങൾ/ശുപാർശകൾ

97. ആഡിറ്റ് തടസ്സം ഒഴിവാക്കാമെന്നുള്ള ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-2-2005-ലെ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു.

## **മുഹമ്മ ഗ്രാമ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

സർക്കാർ അലോട്ട്മെന്റ് ലാപ്സാക്കിയത്

വിവിധ വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി സർക്കാർ സഹായമായി അനുവദിച്ചുകിട്ടിയ 'ബി' ഫണ്ട് അലോട്ട്മെന്റുകൾ പലതും യഥാസമയം ബിൽ ഖജനാവിൽ ഹാജരാക്കി പണമാക്കി പഞ്ചായത്തു അക്കൗണ്ടിൽ വരവുവയ്ക്കാതെ പഞ്ചായത്തിനു 3,17,368 രൂപ നഷ്ടം വരുത്തുകയുണ്ടായി. 1-4-1997 മുതൽ 31-3-1998 വരെ ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | ഫിഷറീസ് | .. | 2,47,700 | (1,75,000+64,700+8,000) |
| 2. | ക്ഷീരവ്യവസായം | .. | 14,500 | |
| 3. | ആയൂർവേദം | .. | 3,175 | |
| 4. | വിദ്യാഭ്യാസം | .. | 4,260 | |
| 5. | കൃഷി | .. | 8,248 | |
| 6. | വാർദ്ധക്യകാല പെൻഷൻ | .. | 38,282 | |
| 7. | ഗ്രാമീണ കരകൗശലം | .. | 1,203 | |
| | ആകെ രൂപ | .. | 3,17,368 | |

പഞ്ചായത്തിനു അനുവദിച്ച ഈ തുകകൾ തൻ വർഷം തന്നെ പഞ്ചായത്തു ഫണ്ടിൽ വരവുവയ്ക്കാതെ പോയതിനാൽ പഞ്ചായത്തിനു സ്ഥിരമായി ഈ തുകകൾ നഷ്ടമായിരിക്കുകയാണ്.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.16]

ആഡിറ്റ് ഖണ്ഡികയ്ക്ക് മുഹമ്മ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

98. 1997-98 സാമ്പത്തികവർഷത്തിൽ "ബി" ഫിസിനത്തിൽ അനുവദിച്ചു കിട്ടിയ 3,17,368 രൂപയുടെ അലോട്ട്മെന്റുകൾ യഥാസമയം ട്രഷറി മുഖേന പഞ്ചായത്തു ഫണ്ടിൽ വരവുവയ്ക്കുന്നതിന് പഞ്ചായത്ത് ഓഫീസിലെ ജോലിത്തിരക്ക് മൂലം കഴിയാതെ പോയി. പിന്നീടുള്ള പരിശോധനയിലാണ് ഈ അപാകത ശ്രദ്ധയിൽപ്പെട്ടത്. ടി അപാകത പരിഹരിക്കുന്നതിനായി ഔദ്യോഗിക തലത്തിൽ കത്തിടപാടുകളും കൂടിക്കാഴ്ചകളും നടത്തിയതിന്റെ ഫലമായി ഫിഷറീസ് വകുപ്പിൽ നിന്നും 1,75,000 രൂപ പുനഃസ്ഥാപിച്ചു കിട്ടിയിട്ടുണ്ട് (ചെല്ലാൻ നമ്പർ 967 തീയതി. 18-9-2000 ചേർത്തല സബ്ട്രഷറി)

99. നഷ്ടപ്പെട്ടുപോയ ബാക്കി തുക തിരിച്ചുകിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

100. ടി അപാകതയെ സംബന്ധിച്ച ആഡിറ്റ് പരാമർശത്തിൽ സെക്രട്ടറി തയ്യാറാക്കി ലോക്കൽഫണ്ട് അധികൃതർക്ക് നൽകിയ ആദ്യ മറുപടിയും പ്രസ്തുത നടപടി അംഗീകരിച്ച പഞ്ചായത്ത് തീരുമാനവും താഴെപ്പറയും പ്രകാരമാണ്:—

മുഹമ്മ ഗ്രാമപഞ്ചായത്തിലെ 1997-98-ലെ ചെലവ് ആഡിറ്റു റിപ്പോർട്ടിനുള്ള ആദ്യ മറുപടി:—

101. "പഞ്ചായത്തിനു നഷ്ടമായ 'ബി' ഫണ്ടിൽ 1,83,248 രൂപ പുനഃസ്ഥാപിച്ചു കിട്ടിയിട്ടുണ്ട്. ബാക്കി 1,34,120 രൂപ പുന:സ്ഥാപിച്ചുകിട്ടുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിയും പഞ്ചായത്തും എല്ലാവിധ യത്നങ്ങൾ നടത്തിയിട്ടും സാധിക്കാതെ പോയിരിക്കുകയാണ്. ഇനി ഇത് വീണ്ടെടുക്കുവാൻ പറ്റുമെന്നു കരുതുന്നില്ല. ഇവിടെ പണാപഹരണമോ ക്രമക്കേടോ നടന്നിട്ടില്ല. നിയന്ത്രണാതീതമായ കാരണത്താൽ പിഴവു സംഭവിച്ചുപോയി. ആകയാൽ ടി പ്രശ്നത്തിൽ മാനുഷിക പരിഗണന കൊടുത്ത് നഷ്ടോത്തരവാദിത്തം ഒഴിവാക്കി തരണമെന്നു അഭ്യർത്ഥിയ്ക്കുന്നു. പഞ്ചായത്തിൽ ഇപ്പോൾ അത്തരത്തിൽ തീരുമാനിച്ചിട്ടുണ്ട്."

**26-02 തീയതി നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിലെ 5-ാം നമ്പർ തീരുമാനം**

102. "മുഹമ്മ ഗ്രാമപഞ്ചായത്തിൽ 9-7-1998-ൽ വിവിധ വകുപ്പുകളിൽ നിന്നുള്ള ജോലികൾ മാത്രം പഞ്ചായത്തിനുമേൽ അടിച്ചേൽപ്പിക്കുകയും എന്നാൽ ജീവനക്കാരെ വിട്ടുതരാതിരിക്കുകയും ചെയ്തതിനാൽ ജോലി ഭാരത്താൽ വീർപ്പുമുട്ടിയ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ നിയന്ത്രണാതീതമായ കാരണം നിമിത്തം 'ബി' ഫണ്ടിൽ കുറെ തുക നഷ്ടപ്പെടാനിടയായതു മാപ്പാക്കി ആയത് വെയ്‌വ് ചെയ്യണമെന്ന് ആഡിറ്റ് വകുപ്പിനോടും പഞ്ചായത്ത് ഡയറക്ടറോടും അഭ്യർത്ഥിച്ചു തീരുമാനിച്ചു."

103. വിവിധ പദ്ധതികൾക്കായി നീക്കിവച്ചിരുന്ന തുക ലാപ്സാക്കിയതു സംബന്ധിച്ച് സമിതി വിശദീകരണം തേടി.

104. ഫിഷറീസ്, ആയുർവേദം, ക്ഷീരവ്യവസായം, വിദ്യാഭ്യാസം, കൃഷി, വാർദ്ധക്യകാല പെൻഷൻ, ഗ്രാമീണ കരകൗശലം എന്നീ മേഖലകളിൽ അനുവദിച്ചുകിട്ടിയ തുക യഥാസമയത്ത് വരവ് വെയ്ക്കാൻ കഴിയാത്തതുമൂലം നഷ്ടം സംഭവിച്ചതായും ഫിഷറീസ് വകുപ്പ് എങ്ങനെ തുക തിരിച്ചു നൽകിയെന്നും സമിതി ആരായുകയുണ്ടായി.

105. ഫിഷറീസ് വകുപ്പ് പിന്നീട് തുക നൽകിയെന്നും വാർദ്ധക്യകാല പെൻഷന്റെ പണവും രണ്ടാമത് കിട്ടിയിട്ടുണ്ടെന്നും വാർദ്ധക്യകാല പെൻഷൻ 28-4-1998 ആണ് ക്രെഡിറ്റ് ചെയ്ത് കിട്ടിയതെന്നും ഗ്രാമീണകരകൗശലം, കൃഷി, വിദ്യാഭ്യാസം എന്നിവയുടെ തുക കിട്ടിയിട്ടില്ലെന്നു മുൻ സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി.

106. രണ്ടര ലക്ഷം രൂപ കിട്ടേണ്ട സ്ഥാനത്ത് ഒന്നേമുക്കാൽ ലക്ഷം രൂപ മാത്രമാണ് ലഭിച്ചതെന്നും ഈ നഷ്ടത്തിന് ഉത്തരവാദി ബന്ധപ്പെട്ട സെക്രട്ടറിയും പ്രസിഡന്റുമാണെന്നും ഇതിന് സെക്ഷൻ ക്ലാർക്കിനെ കുറ്റപ്പെടുത്തേണ്ട കാര്യമില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

പഞ്ചായത്ത് ഡയറക്ടർ ഇത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ട് സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

### നിഗമനങ്ങൾ/ശുപാർശകൾ

107. വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച അലോട്ട്മെന്റുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായമായ 3,17,368 രൂപ യഥാസമയം ട്രഷറിയിൽ നൽകാത്തതുമൂലം നഷ്ടപ്പെടാൻ ഇടവരുത്തിയതിന് ഉത്തരവാദിയായവർ ആരെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

റാട്ട് വാങ്ങിയതിന് അധിക നിരക്ക് നൽകി

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 102 വനിതാ കയർ തൊഴിലാളികൾക്ക് കയർ റാട്ട് നൽകുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ അഞ്ചു ക്വട്ടേഷനുകൾ ലഭിക്കുകയുണ്ടായി. ഇതിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷനായ ഒരു ജോഡി കയർ റാട്ടിന് 2,295 രൂപ ക്രമത്തിൽ മൊത്തം 102 റാട്ടിന് 2,34,090 രൂപക്ക് പകരം ഒരു ജോഡി കയർ റാട്ടിന് 3,000 രൂപ നിരക്കിൽ മൊത്തം 3,06,000 രൂപ വരുന്ന ക്വട്ടേഷനാണ് പഞ്ചായത്ത് അംഗീകരിച്ചത്. ഇപ്രകാരം കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിനാൽ 71,910 രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്..

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.22]

ആഡിറ്റ് ഖണ്ഡികയ്ക്ക് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

(ബന്ധപ്പെട്ട സെക്രട്ടറിക്ക് കത്തയച്ചതിന് മറുപടി ലഭിച്ചിട്ടില്ല.)

108. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 102 വനിതാ കയർ തൊഴിലാളികൾക്ക് കയർ റാട്ട് നൽകുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ലഭിച്ച ക്വട്ടേഷൻ സീൽവച്ചവ അല്ലായിരുന്നുവെന്നും കുറഞ്ഞ റേറ്റ് വച്ചാണ് എടുത്തിരിക്കുന്നതെന്നും നിലവിലുള്ള സെക്രട്ടറി സമിതിക്ക് തെളിവ് നൽകുകയുണ്ടായി.

109. 3,000 രൂപയുടെ ക്വട്ടേഷനാണ് അംഗീകരിച്ചതെന്നും സീൽവെച്ച ലെറ്റർ ഹെഡ്ഡിലല്ലാത്തതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന മുരളി എന്ന ആളിന്റെ ക്വട്ടേഷൻ സ്വീകരിച്ചില്ലെന്നും ബഷീർ സമർപ്പിച്ച ക്വട്ടേഷൻ ഏറ്റവും കുറഞ്ഞ നിരക്കായ 3000 രൂപയുടെതായിരുന്നുവെന്നും അങ്ങനെ അത് അംഗീകരിച്ചുവെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകുകയുണ്ടായി.

110. കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടുവെന്നും എന്നാൽ സീലില്ലെന്ന കാരണത്താൽ ആ നിർദ്ദേശം നിരാകരിക്കുകയാണുണ്ടായതെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് തെളിവ് നൽകി.

111. പഞ്ചായത്ത് 28-1-1998-ൽ അംഗീകരിച്ച 3,000 രൂപയുടെ ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി ഇതേ വർഷം തന്നെ പഞ്ചായത്തിലെ മറ്റൊരു പദ്ധതിക്കായി 2,739 രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിക്കുകയും അത് 13-5-1998-ൽ പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തു. ആദ്യം അനുവദിച്ച നിരക്ക് കൂടുതലാണെന്ന് ഇതിൽനിന്നും വ്യക്തമാണ്. 3,000 രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന് മുമ്പ് കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്തിരുന്നെങ്കിൽ നിരക്ക് കുറച്ചുകൂടി കുറയ്ക്കാൻ കരാറുകാരൻ തയ്യാറാകുമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.

### നിഗമനങ്ങൾ/ശുപാർശകൾ

112. പഞ്ചായത്ത് ഡയറക്ടർ ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ച് വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### **മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

(എ) നിയമവിരുദ്ധമായി പ്രാദേശിക നിരക്കിൽ പ്രതിഫലം നൽകി

പഞ്ചായത്ത് നേരിട്ട് നോമിനിയേയോ, ഗുണഭോക്തൃ കമ്മിറ്റി കൺവീനറെയോ കൊണ്ട് ചെയ്യിക്കുന്ന പ്രവൃത്തികൾക്കുമാത്രമേ പ്രാദേശിക നിരക്കിൽ പ്രതിഫലം നൽകാൻ കഴിയുകയുള്ളു. ഇതിനു വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഉപാധിരഹിത ഫണ്ടിന്റെ മാതൃകയിൽ ചെയ്തിട്ടുള്ള 2 പ്രവൃത്തികൾക്ക് പ്രാദേശിക നിരക്ക് നൽകിയിട്ടുണ്ട്.

(i) 2-ാം വാർഡിലെ ചക്കാലയിൽ മുക്കു മുതൽ മുക്കോലയിൽ മുക്കുവരെയുള്ള റോഡ്

(ii) വരേണിക്കൽ എൽ.പി. സ്കൂളിന്റെ സ്പെഷ്യൽ റിപ്പയർ.

ഈ രണ്ട് പ്രവൃത്തികളുടെയും രേഖകൾ എല്ലാം കോൺട്രാക്റ്റ് അടിസ്ഥാനത്തിലാണ് പണി ചെയ്തതെന്ന് തെളിയിക്കുന്ന കരാറുകളിൽ പോലും കോൺട്രാക്ട് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഓരോ വേലകളും ക്വട്ടേഷൻ ക്ഷണിച്ച് പ്രാദേശിക നിരക്കടിസ്ഥാനത്തിൽ കൊടുത്തു. ഈ രീതിയിൽ ഷെഡ്യൂൾ നിരക്കും പ്രാദേശിക നിരക്കും തമ്മിൽ മൊത്തത്തിൽ 46,450 രൂപ വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.23(a)]

ആഡിറ്റ് ഖണ്ഡികയ്ക്ക് മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

113. ഓഡിറ്റ് റിപ്പോർട്ടിൻമേൽ പഞ്ചായത്ത് 15-12-2000-ലെ XVII (2)-ാം നമ്പർ തീരുമാനപ്രകാരം ആദ്യ മറുപടി നൽകി. 8-10-2001-ലെ എൽ.എഫ്.എ. 11/57/2001 നമ്പർ കത്തുപ്രകാരം ലോക്കൽഫണ്ട് ഡപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച പുനരഭിപ്രായ ങ്ങളും സെക്രട്ടറി ശ്രീ. ബി. കെ. ദിനേശ് കുമാറിന് ലഭിച്ച സർചാർജ്ജ് നോട്ടീസും കണക്കെടുത്ത് 16-8-2002-ലെ തീരുമാനത്തിലൂടെ പ്രസ്തുത പ്രാദേശിക നിരക്ക് പ്രകാ രമുള്ള ചെലവുചെയ്യൽ അംഗീകരിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഓഡിറ്റ് ഡയറക്ടർ സർചാർജ് നടപടി ഒഴിവാക്കി.

### ശുപാർശകൾ/നിർദ്ദേശങ്ങൾ

114. ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനപരിശോധനയിൽ പരാമർശം തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു

ഓഡിറ്റ് ഖണ്ഡിക

(ബി) ശവക്കോട്ടമുക്കു മുതൽ എം.എൽ.എ. റോഡുവരെയുള്ള റോഡ് മെറ്റലിംഗും ടാറിംഗും

മേൽ കാണിച്ച റോഡ് പണിക്ക് വി.ടി.സി. ഗ്രാന്റ് അനുവദിക്കുകയും ഉപാധി രഹിത ഫണ്ടിന്റെ മാതൃകയിൽ നിർവ്വഹണം നടത്തണമെന്നുമായിരുന്നു സർക്കാർ നിർദ്ദേശം. എന്നാൽ ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഈ വേല ഗുണഭോക്തൃ സമിതി വഴിയോ, നോമിനി വഴിയോ അല്ല നിർവ്വഹിച്ചതെന്ന് വ്യക്തമാകുന്നുണ്ട് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പണം ചെലവഴിക്കുക വഴി അധിക നിരക്കിൽ ചെലവഴിച്ച 48,272 രൂപ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.23(b)]

ആഡിറ്റ് ഖണ്ഡികയ്ക്ക് മാവേലിക്കര-തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

115. "ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 26-2-2003-ലെ എൽ.എഫ്. എ.21477/സ്പെ.സെൽ(എസ്.സി)/2001 നം. കത്തുപ്രകാരം ശ്രീ. ബി. കെ. ദിനേശ്കുമാർ (സെക്രട്ടറി)-നെ സർചാർജ് നടപടിയിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട് നിയമസഭാ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഖണ്ഡികയിലെ പരാമർശം സംബന്ധിച്ച് പഞ്ചായത്തിന്റെ അഭിപ്രായം 17-9-2004-ലെ 2-ാം നമ്പർ തീരുമാനപ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട് മേൽ സൂചിപ്പിച്ച പഞ്ചായത്ത് തീരുമാനങ്ങളുടെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു."

**17-9-2004-തീയതി നടന്ന സാധാരണ മീറ്റിംഗിലെ 2-ാം നമ്പർ തീരുമാനം**

116. "ആലപ്പുഴ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 8-9-2004-ലെ എൽ.എഫ്.എ./സി.എ.ആർ/04 നം. കത്ത് കമ്മിറ്റിയിൽ വായിച്ചു ചർച്ച ചെയ്തു. 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 31-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും 2000-01 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി നിയമസഭാ സമിതി പരിഗണിക്കുന്നതുമായ ഓഡിറ്റ് പരാമർശങ്ങളിന്മേൽ പഞ്ചായത്തിന്റെ അഭിപ്രായങ്ങളും സ്വീകരിച്ച നടപടികളും അറിയിക്കണമെന്നാണ് ടി കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ടി ഖണ്ഡികയിലെ പരാമർശവും പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികളും കണക്കിലെടുത്ത് കമ്മിറ്റി താഴെ പറയുന്ന അഭിപ്രായം അറിയിക്കുന്നതിനു തീരുമാനിച്ചു.

117. പ്രസ്തുത 31-ാം ഖണ്ഡികയിലെ പരാമർശം സംബന്ധിച്ച് 15-12-2000-ലെ XVIII-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ആദ്യ മറുപടി നൽകിയിട്ടുള്ളതാണ്. ടി ഖണ്ഡികയിൽ സൂചിപ്പിച്ച മൂന്നു വർക്കുകളും നോമിനികൾ മുഖാന്തിരം നിർവ്വഹിച്ചിട്ടുള്ളതാണെന്നും ലോക്കൽ റേറ്റ് നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടായിരുന്നുവെന്നും യാതൊരു ധനനഷ്ടവും ഈ പണികൾ സംബന്ധിച്ച് ഉണ്ടായിട്ടില്ലെന്നും, ലക്ഷ്യമിട്ടിരുന്ന ഭൗതിക നേട്ടം വളരെ തൃപ്തികരമായി കൈവരിച്ചിട്ടുണ്ടായിണ്ടെന്നും ടി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് ഇതു സംബന്ധിച്ച് ബഹു: ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ 7-4-2002-ലെ നം. എൽ.എഫ്. 21477/സ്പെ. സെൽ (എസ്.സി1)/2001 പ്രകാരം സെക്രട്ടറിക്ക് സർചാർജ് നോട്ടിസ് നൽകിയിരുന്നു. ടി നോട്ടീസ് സംബന്ധിച്ച് പഞ്ചായത്ത് 16-8-2001-ൽ III(4)-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും ആയത് ലോക്കൽഫണ്ട് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 28-11-2002-ലെ നം എൽ.എഫ്.21477/ സപെ.സെൽ. സി.എ.(1)2001 പ്രകാരം ബഹു: ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ് നടപടികൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

118. പ്രസ്തുത 31-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പണികൾ നോമിനി വർക്കുകളായി ചെയ്തിട്ടുള്ളതാണെന്നും സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് (1) 2-ാം വാർഡിൽ ചക്കാലയിൽ മുന്നുമുതൽ മുക്കോലയിൽ മുക്കുവരെയുള്ള റോഡ് പുനരുദ്ധാരണം, (2) ശവക്കോട്ട മുക്ക് മുതൽ എം.എൽ.എ. റോഡുവരെയുള്ള റോഡ് പുനരുദ്ധാരണം എന്നീ വർക്കുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതെന്നും കുറഞ്ഞ ക്വട്ടേഷൻ നൽകിയ ആളെ നോമിനിയായി നിശ്ചയിച്ച് പണികൾ നടത്തിയതെന്നും, വരേണിക്കര എൽ.പി.സ്ക്കൂളിന്റെ സ്പെഷ്യൽ റിപ്പയർ പണിക്ക് പി.റ്റി.എ. നിർദ്ദേശിച്ച ആളെയാണ് കൺവീനറായി ചുമതലപ്പെടുത്തിയതെന്നും ആയതിന്റെ ഭൗതിക ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുന്നെും ഈകമ്മിറ്റിക്ക് ഉത്തമബോധ്യമുള്ള വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനു തീരുമാനിച്ചു."

119. ശവക്കോട്ട മുക്കു മുതൽ എം.എൽ.എ. റോഡുവരെയുള്ള റോഡ് മെറ്റലിംഗും ടാറിംഗും എന്ന ആഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം തേടുകയുണ്ടായി.

120. പഞ്ചായത്തിന്റെ മിനിറ്റ്സിൽ നോമിനിക്ക് കൊടുക്കുന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ പത്രത്തിൽ എഴുതിയപ്പോൾ നോമിനി എന്നുള്ളത് കോൺട്രാക്ടർ എന്ന് എഴുതിപോയതാണെന്നും മുൻ സെക്രട്ടറി തെളിവ് നൽകുകയുണ്ടായി.

121. പഞ്ചായത്തിന്റെ രേഖയിൽ പിശക് പറ്റിയതാണെന്നും എഗ്രിമെന്റ് തെറ്റായി വന്നുപോയതാണെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് വിശദീകരണം നൽകുകയുണ്ടായി. പഞ്ചായത്ത് ആദ്യം കോൺട്രാക്ട് വർക്കായി ചെയ്യാൻ ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെന്നും എന്നാൽ കോൺട്രാക്ടർ ടി വർക്ക് ഉപേക്ഷിച്ച് പോയതിനാൽ രണ്ടാമത് ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ആളിനാണ് കൊടുത്തതെന്നും നിലവിലുള്ള സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകുകയുണ്ടായി.

122. അൺടൈഡ് ഫണ്ട് മാതൃകയിൽ ചെയ്യാൻ തീരുമാനമെടുത്തതാണെങ്കിലും പ്രാദേശിക നിരക്ക് അനുവദിക്കാവുന്നതാണെന്നും എന്നാൽ ക്വട്ടേഷൻ ആയ സ്ഥിതിക്ക് പ്രാദേശിക നിരക്ക് അനുവദിച്ചത് നിയമവിരുദ്ധമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

## ശുപാർശകൾ/നിർദ്ദേശങ്ങൾ

123. <u>പ്രാദേശിക നിരക്ക് അനുവദിച്ചത് ചട്ടവിരുദ്ധമാണെന്നും ആയതിനാൽ ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കരുതെന്നും സമിതി അഭിപ്രായപ്പെടുന്നു.</u>

## തഴക്കര ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>വാഴകൃഷി വികസന പദ്ധതി-അനാവശ്യചെലവ്</u>

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ ബാക്കിവന്ന തുക ചെലവഴിക്കുവാൻ തയ്യാറാക്കിയ പദ്ധതിയാണിത്. 5,23,256 രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 1,41,000 രൂപയാണ് പദ്ധതി വിഹിതം. വാഴ കൃഷി വികസനമാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നതെങ്കിലും ഈ പദ്ധതിയിലൂടെ ആരെങ്കിലും പുതുതായി ഒരു വാഴയും കൃഷിചെയ്തതായി കാണുന്നില്ല. മറ്റു പദ്ധതികൾക്ക് ചെലവാകാതെ മിച്ചംവന്ന തുക സ്വയം രൂപീകരിച്ച ഒരു പദ്ധതിയുടെ പേരിൽ തുക ഏതാനും ആളുകൾക്ക് വിതരണം ചെയ്യുക എന്നത് മാത്രമേ നടന്നിട്ടുള്ളു. ആയതിനാൽ ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച ആകെ തുകയായ 1,26,006 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.4.(i)]

ആഡിറ്റ് ഖണ്ഡികയ്ക്ക് തഴക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

124. ഈ പഞ്ചായത്തിൽ 1997-98 വർഷ ആഡിറ്റ് റിപ്പോർട്ടിൽ 48-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വാഴക്കൃഷി വികസന പദ്ധതി 2001-02 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി നിയമസഭാ സമിതി പരിഗണിക്കുന്നതുമായ ആഡിറ്റ് തടസ്സങ്ങളിൽ മേൽ ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ആഫീസർക്ക് പഞ്ചായത്തു സെക്രട്ടറി റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം മറുപടിക്കുവേണ്ടി നൽകിയിട്ടുള്ളതും ടി

റിപ്പോർട്ടു വാങ്ങി പഞ്ചായത്തു കമ്മിറ്റിയിൽ സമർപ്പിക്കുകയും പഞ്ചായത്തു കമ്മിറ്റി ആയതിന്മേൽ തീരുമാനം എടുത്തിട്ടുള്ളതും ആകുന്നു. ആയത് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു.

(1) ഈ പദ്ധതി 1997-98 സാമ്പത്തിക വർഷാവസാനം നടപ്പാക്കുകയും പിന്നീട് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്.

(2) പ്രോജക്ട് തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോട് കൂടി മാത്രമാണ് പദ്ധതി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നത്. പ്രോജക്ട് പരിഗണിച്ച് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച ബി.എൽ.ഇ.സി. മിനിറ്റ്സിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.

(3) പദ്ധതിയുടെ ധനകാര്യ വിശകലനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ 10 വാഴയ്ക്ക് കുറഞ്ഞത് 100 രൂപയും 200 വാഴയ്ക്ക് 150 രൂപയും 300 വാഴയ്ക്ക് 200 രൂപയും ക്രമത്തിലാണ് തുക വിതരണം ചെയ്തിരിക്കുന്നത്. പദ്ധതി രൂപീകരണ സമയത്ത് വാഴയുടെ വിളകാലം കഴിഞ്ഞതിനാലും വളം, കീടനാശിനി തുടങ്ങിയ ഉല്പാദനോപാധികൾ നൽകാൻ സാധിക്കാത്തതി നാലുമാണ് തുക ബോണസായി വിതരണം ചെയ്തത്. കർഷകർ പണമായി ചെലവാക്കിയ തുകയാണ് ഗുണഭോക്തൃ വിഹിതമായി കണക്കാക്കിയത്.

(4) തീയതിയോടുകൂടിയ അപേക്ഷകളും തുകയെഴുതിയ രസീതുകളും വാങ്ങിവച്ചിട്ടുണ്ട്

(5) അപേക്ഷകൾ വാർഡുതല സമിതികളുടെ റിപ്പോർട്ടുകൾ വാങ്ങി അപാകതകൾ പരിഹരിച്ചിട്ടുണ്ട്

(6) മറ്റു പദ്ധതികളിൽ മിച്ചംവന്ന തുക പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ച പദ്ധതി പ്രകാരം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ അംഗീകാരം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ നിന്ന് വാങ്ങിയിട്ടുള്ളതുമാണ്. ടി പദ്ധതിയിൽ യാതൊരുവിധത്തിലുമുള്ള ദുർവിനിയോഗവും നടത്തിയിട്ടില്ല എന്നതിനാലും, ഇതിന്റെ മുഴുവൻ തുക കർഷകർക്കുതന്നെ ലഭ്യമാക്കി എന്നതിനാലും, ആദ്യവർഷത്തെ പദ്ധതി നടത്തിപ്പിൽ വേണ്ടത്ര അറിവില്ലാതിരുന്നതിനാലും, ഈ പദ്ധതിയിലെ തടസ്സവാദം നീക്കിത്തരണമെന്ന് അപേക്ഷിക്കുന്നു."

ആഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം തേടുകയുണ്ടായി

125. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയെന്നും വാഴകൃഷി നടത്തിയിട്ടുള്ളതാണെന്നും ഇതിന് പഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനമുള്ളതാണെന്നും ഫണ്ട് ചെലവാക്കേണ്ട സമയപരിധി കഴിഞ്ഞുപോയതുകൊണ്ടാണ് പദ്ധതിവിഹിതം ബോണസ്സായി കൊടുക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതെന്നും 30-6-1998-ൽ ബി.എൽ.ഇ.സി. ഇത് സാധൂകരിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിക്ക് തെളിവ് നൽകുകയുണ്ടായി.

126. 1997-98-ൽ ആദ്യം ഉണ്ടാക്കിയ ബഡ്ജറ്റ് പ്രകാരം ഇല്ലാതിരുന്ന പ്രസ്തുത പ്രോജക്ട് എക്സസ് എമൗണ്ട് വന്നപ്പോൾ അത് അംഗീകരിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 18-9-2004-ലെ IV.4 തീരുമാനപ്രകാരം തടസ്സം ഒഴിവാക്കി കിട്ടുന്നതിന് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിരുന്നതായും, നിർവ്വഹണ ഉദ്യോഗസ്ഥ യായ കൃഷി ഓഫീസർ സമിതിക്ക് തെളിവ് നൽകി.

### നിഗമനങ്ങൾ/ശുപാർശകൾ

127. ഇതു സംബന്ധമായി ഫയലുകളും റിപ്പോർട്ടും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പുന:പരിശോധനയ്ക്കായി സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## വെളിയനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

പട്ടികജാതി കുടുംബങ്ങൾക്കായുള്ള സി.എഫ്. ലാമ്പ് വിതരണം-കൂടിയ നിരക്കിൽ ലാമ്പ് വാങ്ങി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 250 കുടുംബങ്ങൾക്ക് സി.എഫ് ലാമ്പ് വിതരണം ചെയ്യുകയാണ് പദ്ധതി. ഇതിലേയ്ക്കായി അൽഫാസിയുടെ 'സൂര്യ' നിർമ്മിതമായ സി.എഫ് ലാമ്പ് പാക്കിംഗ് ചാർജ് ഉൾപ്പെടെ 175.04 രൂപ നിരക്കിലും അൽഫാസി ഇലക്ട്രോണിക് അഡാപ്റ്റർ 122.96 രൂപ നിരക്കിലുമായി മൊത്തം 250 യൂണിറ്റ് 74,000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

സി.എഫ്. ലാമ്പ് മൊത്തമായി എടുക്കുമ്പോൾ ചില്ലറ വില്പനയിലേക്കാൾ കുറഞ്ഞ നിരക്കിൽ ലഭിക്കുമായിരുന്നിട്ടും കൂടിയ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്. അതുപോലെ തന്നെ പായ്ക്കിംഗ് ചാർജ് ഇനത്തിൽ ഓരോ യൂണിറ്റിലുമായി 15.04 രൂപ നൽകിയതിനാൽ 3760 രൂപ നൽകിയിട്ടുണ്ട്. ഇത് ആഡിറ്റ് അനുവദിക്കുന്നില്ല. വിതരണം ചെയ്തിരിക്കുന്ന അഡാപ്റ്റർ തൊട്ടടുത്തുള്ള ബ്ലോക്ക് പഞ്ചായത്തിന് ഇതേ ഏജൻസി നൽകിയിരിക്കുന്നത് 75.24 രൂപയ്ക്കാണ്. ഈ ഇനത്തിൽ 11,997 രൂപ അധികം നൽകിയിട്ടുണ്ട്. അധികം ചെലവ് വന്ന സാഹചര്യത്തെപ്പറ്റി അന്വേഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 131 ലാമ്പ് മാത്രം വിതരണം ചെയ്തതായി കാണുന്നുള്ളൂ. ബാക്കി 119 ലാമ്പിനെക്കുറിച്ച് യാതൊരു വിശദീകരണവും നൽകിയിട്ടില്ല. വിതരണം നടത്താതിരുന്ന 119 സെറ്റിന്റെ വിലയായ 35,462 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.4.3.]

ആഡിറ്റ് ഖണ്ഡികയ്ക്ക് വെളിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

128. 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള ചെലവ് ഇനങ്ങളിൽ വിശദമായ അന്വേഷണം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ആലപ്പുഴ നടത്തുന്നതിനാലും ടി പദ്ധതികളുടെ വൗച്ചറുകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ വിജിലൻസ് വകുപ്പ് കസ്റ്റഡിയിൽ എടുത്തിരി ക്കുന്നതിനാലും ആഡിറ്റ് റിപ്പോർട്ട് 1997-98 ലുള്ള തുടർ നടപടികൾ 4-8-2003-ലെ V(21)-ാം നമ്പർ തീരുമാനപ്രകാരം താൽകാലികമായി നിർത്തി വെച്ചിട്ടുള്ളതാകുന്നു.

129. പട്ടികജാതി കുടുംബങ്ങൾക്കായുള്ള സി.എഫ്. ലാമ്പ് വിതരണം കൂടിയ നിരക്കിൽ ലാമ്പ് വാങ്ങി എന്ന ആഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം തേടുകയുണ്ടായി.

130. പ്രസ്തുത ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ എല്ലാം തന്നെ ഇപ്പോഴും വിജിലൻസിന്റെ കൈവശമാണെന്ന് സെക്രട്ടറി അറിയിച്ചു.

## ശുപാർശകൾ/നിർദ്ദേശങ്ങൾ

131. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും വിജിലൻസ് വകുപ്പിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**എൻ. അനിരുദ്ധൻ,**
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

തിരുവനന്തപുരം.
2007 മാർച്ച് 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങളും/ശുപാർശകളും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | 11 | മൂന്ന് ആഡിറ്റ് പരാമർശങ്ങളും ധനദുർവിനിയോഗത്തിന് ഉദാഹരണങ്ങളാണെന്നും, ആയതിനാൽ സർചാർജ്ജ് നടപടികളുമായി മുന്നോട്ടു പോകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | തകഴി ഗ്രാമപഞ്ചായത്ത് | 28 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് എല്ലാ ഫയലുകളും പരിശോധിച്ച് ഒരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശ പ്രകാരം അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എസ്.പി. രാജൻ ഒരു മേൽ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇത് ഗുതരമായ കൃത്യവിലോപമായി സമിതി കാണുന്നു. പുന:പരിശോധനാ റിപ്പോർട്ടിൽ തുക വിനിയോഗിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും ബന്ധപ്പട്ട ഫയലുകളും ആഡിറ്റിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് | 36 | പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു. |
| 4 | പത്തിയൂർ ഗ്രാമപഞ്ചായത്ത് | 43 | ഗുണഭോക്താക്കൾക്ക് സാധനങ്ങൾ നൽകിയതിനുള്ള രസീതുകളും സാധനങ്ങൾ വാങ്ങിയതിന്റേയും വിതരണം നടത്തിയതിന്റേയും വിവരങ്ങൾ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സൂക്ഷിക്കാത്തതും പഞ്ചായത്തധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ച യാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും പരാമർശ വിധേയമായ ചെലവുകൾക്ക് അംഗീകാരം നല്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു. |
| 5 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | 52 | ആവശ്യത്തിന് പമ്പുസെറ്റും തൊഴിലാളികളും ഇല്ലാതിരുന്നതിനാലാണ് 30-6-1998-ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും തുടർന്ന് രണ്ടു മാസങ്ങൾക്കുശേഷം പണി പൂർത്തിയാക്കിയതായുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെയും പരാമർശം ഒഴിവാക്കാമെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ആഡിറ്റ് തടസം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ചിങ്ങോലി ഗ്രാമപഞ്ചായത്ത് | 56 | പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നും തുടർ നടപടി സ്വീകരിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എ. ഡി. പി.മാർ. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ കൃത്യമായി തുടർ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| ,, | | 57 | കൺവീനർക്ക് നോട്ടീസ് നല്കി അനന്തര നടപടികൾ സ്വീകരിക്കണമെന്നുള്ള സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും, സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചക്കെതിരെ പഞ്ചായത്ത് ഡയറക്ടർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | | 58 | പ്രവൃത്തിയുടെ നേരിട്ടുള്ള ഉത്തരവാദിത്വം കൺവീനർക്കായതിനാൽ കൺവീനർക്ക് നോട്ടീസ് കൊടുത്തുകൊണ്ട് തുക തിരിച്ച് പിടിക്കണമെന്നും ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 9 | ചിങ്ങോലി ഗ്രാമപഞ്ചായത്ത് | 60 | ലോക്കൽ വെരിഫിക്കേഷന്റെ അടിസ്ഥാന ത്തിൽ ആഡിറ്റ് തടസ്സം നീക്കിയത് സമിതി അംഗീകരിക്കുന്നു. |
| 10 | ,, | 66 | ഡി.പി.സി. ആവശ്യപ്പെട്ടിട്ടുള്ള വിശദീകരണം നൽകിയ സാഹചര്യത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | ,, | 71 | പരാമർശം ഒഴിവാക്കിയ ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു |
| 12 | ,, | 75 | ഉപ്പേരി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ട് കൺവീനർക്ക് കത്ത് നല്കിയിട്ടും മറുപടി നല്കാത്ത സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | ,, | 78 | ഫോട്ടോ കോപ്പിയർ വാങ്ങുന്നതിനായി പഞ്ചായത്തു ഫണ്ടിൽ നിന്നും അടച്ച ഒരു ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു |
| 14 | കുമാരപുരം ഗ്രാമപഞ്ചായത്ത് | 86 | സംഘം നിയമാവലിയിലെ 37-ാം നിബന്ധന അനുശാസിക്കുന്ന പ്രകാരമുള്ള ഫീസ് യൂണിയനിൽ അടയ്ക്കുന്നതിനും സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള കണക്ക് സൂക്ഷിപ്പും അതിന്മേൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ കാലാകാലങ്ങളി ലുള്ള പരിശോധനയും കൃത്യമായി നടത്തുന്നു വെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | കുമാരപുരം ഗ്രാമപഞ്ചായത്ത് | 87 | ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ പരിശോധനാ തീയതിയിലെ നീക്കിയിരുപ്പിന്റെ വിവരം ശേഖരിക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്യാഷ്ബുക്ക് എഴുതുന്നതിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 16 | ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | 97 | ആഡിറ്റ് തടസ്സം ഒഴിവാക്കാമെന്നുള്ള ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9–2–2005–ലെ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. |
| 17 | മുഹമ്മ ഗ്രാമപഞ്ചായത്ത് | 107 | വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച അലോട്ട്മെന്റുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായമായ 3,17,368 രൂപ യഥാ സമയം ട്രഷറിയിൽ നൽകാത്തതുമൂലം നഷ്ട പ്പെടാൻ ഇടവരുത്തിയതിന് ഉത്തരവാദിയായ വർ ആരെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | 112 | പഞ്ചായത്ത് ഡയറക്ടർ ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ച് വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | മാവേലിക്കര തെക്ക് ഗ്രാമപഞ്ചായത്ത് | 114 | ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനപരിശോധന യിൽ പരാമർശം തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 20 | ,, | 123 | പ്രാദേശിക നിരക്ക് അനുവദിച്ചത് ചട്ടവിരുദ്ധ മാണെന്നും ആയതിനാൽ ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കരുതെന്നും സമിതി അഭിപ്രായപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | താഴക്കര ഗ്രാമപഞ്ചായത്ത് | 127 | ഇതു സംബന്ധമായി ഫയലുകളും റിപ്പോർട്ടും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പുനഃപരിശോധനയ്ക്കായി സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 22 | വെളിയനാട് ഗ്രാമപഞ്ചായത്ത് | 131 | ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും വിജിലൻസ് വകുപ്പിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |